# II. അടിയന്തിര പ്രമേയം

## ഇറിഗേഷൻ ചീഫ് എഞ്ചിനീയർ കൈക്കൂലി വാങ്ങിയ സംഭവം

മി. ഡെപ്യൂട്ടി സ്പീക്കർ: ഇറിഗേഷൻ ചീഫ് എഞ്ചിനീയർ കൈക്കൂലി വാങ്ങുന്ന വാർത്ത പുറത്തുവന്നതോടെ വിവിധ പദ്ധതികളുടെ നടത്തിപ്പിൽ വൻതോതിൽ കൈക്കൂലി വാങ്ങിക്കൊണ്ട് ഗവൺമെന്റ് അനുമതി നൽകുന്നതായി ജനങ്ങളിൽ സംശയം ഉളവാക്കിയിരിക്കുന്നു. ഇതേത്തുടർന്നുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, ബിനോയ് വിശ്വം, സി. കെ. നാണു, എ. എ. അസീസ്, എ. സി. ഷൺമുഖദാസ്, ഡോക്ടർ കെ. സി. ജോസഫ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇന്നലെ പീപ്പിൾസ് ടി.വി.-യിൽ ഈ സംഭവം സംബന്ധിച്ച് ഒരു clipping കാണിക്കുകയുണ്ടായി. അത് ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ പ്രസ്തുത ഉദ്യോഗസ്ഥനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തുകൊണ്ട് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതോടൊപ്പം ഇക്കാര്യത്തെക്കുറിച്ച് ഒരു ഉന്നത പോലീസ് ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനുവേണ്ടി മുഖ്യമന്ത്രിക്ക് ഞാൻ കത്തും കൊടുത്തിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് വരുന്ന മുറയ്ക്ക് മറ്റു നടപടികളിലേക്ക് പോകുന്നതാണ്. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല. ഇപ്പോൾ ഇൻവെസ്റ്റിഗേഷൻ സ്റ്റേജിൽ നിൽക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പുമന്ത്രി ഈ സംഭവത്തിന്റെ ഗൗരവം വേണ്ടത്ര ഉൾക്കൊണ്ടിട്ടില്ലെന്നാണ് അദ്ദേഹത്തിന്റെ മറുപടിയിൽ നിന്നും വ്യക്തമാകുന്നത്. ചീഫ് എഞ്ചിനീയർ ശ്രീ. ടി. കെ. ശശി കൈക്കൂലി വാങ്ങുന്ന രംഗം ഇന്നലെ കൈരളി പീപ്പിൾസ് ടി. വി. ചാനലിൽ സംപ്രേഷണം ചെയ്യുകയുണ്ടായി. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് മാദ്ധ്യമ പ്രവർത്തകർ ഒരു കൈക്കൂലി സംഭവം കയ്യോടെ പിടികൂടി പൊതുജനമദ്ധ്യത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. മൂവാറ്റുപുഴവാലി പദ്ധതിയുടെ കരാറുകാരന്റെ പ്രതിനിധികൾ എന്ന പേരിലാണ് ഇന്നലെ ആറര മണിക്ക് ചീഫ് എഞ്ചിനീയറുടെ ജവഹർ നഗറിലുള്ള വീട്ടിൽ ഒരു സംഘം ആളുകൾ എത്തിയത്. ആ സമയത്ത് അവിടെ നടന്നതായി പറയപ്പെടുന്ന രംഗമാണ് പീപ്പിൾസ് ടി. വി. സംപ്രേക്ഷണം ചെയ്തിട്ടുള്ളത്. ഈ സംഭവം എന്താണെന്ന് പരിശോധിക്കുമ്പോഴാണ് ഇതിന്റെ ഗൗരവം നമുക്ക് വ്യക്തമാകാൻ പോകുന്നത്. റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുവേണ്ടി 2 ലക്ഷം രൂപ കൈക്കൂലി ചോദിച്ചുവെന്നുള്ള വിവരം അഴിമതി വിരുദ്ധസമിതിയുടെ പ്രസിഡന്റായി പ്രവർത്തിക്കുന്ന ശ്രീ. പി. എൽ. ജേക്കബിന് ലഭിക്കുന്നു. ആ സമയത്താണ് കേരളകൗമുദി പത്രം ഈ ചീഫ് എഞ്ചിനീയറെ സംബന്ധിച്ച വാർത്ത പ്രസിദ്ധീകരിക്കുന്നത്. ആ വാർത്ത വന്നതോടൊപ്പം ഇദ്ദേഹം രണ്ട് ലക്ഷം രൂപ കൈക്കൂലി ചോദിച്ചു എന്ന വാർത്തകൂടി പുറത്തുവന്നപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

കൈരളി ടി. വി. സംഘം ആ ചീഫ് എഞ്ചിനീയറെ പിന്തുടരുകയാണ് ചെയ്തത്. അതിന്റെ ഫലമായിട്ടാണ് ഇന്നലെ പണം കൊടുക്കുമ്പോൾ അത് ക്യാമറയിൽ പകർത്താൻ അവർക്ക് സാധിച്ചത്. 1,000 രൂപയുടെ 25 നോട്ടുകൾ ചീഫ് എഞ്ചിനീയർ ശ്രീ. ടി. കെ. ശശിക്ക് നൽകുന്നതായിട്ടാണ് കൈരളി ടി. വി.-യിൽ നാം ഇന്നലെ കണ്ടത്. ജേക്കബ് എന്ന് പറയുന്ന വ്യക്തി പോക്കറ്റിൽനിന്നും രൂപ എടുത്ത് ശശിയുടെ നേരെ നീട്ടുന്ന ചിത്രം അതിൽ കാണിക്കുന്നു. പക്ഷേ അദ്ദേഹം പണം കയ്യിൽ വാങ്ങാതെ മേശപ്പുറത്തുവയ്ക്കാൻ പറയുന്നു. കാരണം ഇപ്പോൾ ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങുമ്പോൾ വളരെ വിജിലന്റാണ്. ആരെങ്കിലും മഷി പുരട്ടിയിട്ട് കൊടുക്കുന്നുണ്ടെങ്കിൽ അതിൽ പെട്ടുപോകാതിരിക്കാൻവേണ്ടി കയ്യിൽ ആരും പൈസ വാങ്ങുകയില്ല. അതുകൊണ്ട് ഇവിടെ ശ്രീ. ശശി ആ തുക കയ്യിൽ വാങ്ങാതെ മേശപ്പുറത്ത് വയ്ക്കാൻ പറഞ്ഞു. ബിനു പി. രാജ് തന്നുവിട്ട പണമാണെന്ന് പറഞ്ഞപ്പോഴാണ് അദ്ദേഹം അത് മേശപ്പുറത്ത് വച്ചേക്കാൻ പറഞ്ഞത്. ആരാണ് ഈ ബിനു പി. രാജ് ? ബിനു പി. രാജ് എന്ന് പറയുന്ന ആൾ തന്നു എന്ന് പറഞ്ഞപ്പോഴാണ് അത് വാങ്ങാൻ അദ്ദേഹം തയ്യാറായത് എന്നതാണ് അതിന്റെ പ്രസക്തമായ ഭാഗം. കോൺട്രാക്ടറായ ബിനു പി. രാജ് കൊടുത്തയച്ച പണം വാങ്ങുന്നു എന്ന് പറയുമ്പോൾ കോൺട്രാക്ടറും ചീഫ് എഞ്ചിനീയറും തമ്മിലുള്ള ബന്ധമാണ് ഇവിടെ വ്യക്തമാകുന്നത്. ഒരു കരാറിന്റെ കാര്യത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പാസ്സാക്കിക്കൊടുക്കുന്നതിനാണ് അദ്ദേഹത്തിനെ കാണണമെന്ന് ആവശ്യപ്പെടുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് ഈ വ്യക്തി പണവുമായിട്ട് വരുന്നത്. ഒരു കോടി പതിനെട്ട് ലക്ഷം രൂപയുടെ കരാർ റിവൈസ്ഡ് എസ്റ്റിമേറ്റ് ആക്കി മാറ്റുന്നതിനുള്ള അംഗീകാരത്തിനുവേണ്ടിയാണ് കൈക്കൂലി ചോദിച്ചത്. ഇറിഗേഷൻ വകുപ്പിൽ നടക്കുന്ന വ്യാപകമായ അഴിമതിയിലേക്ക് വെളിച്ചം വീശുന്ന സംഭവമാണിത്. ആ ഗൗരവത്തിൽ ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും ഈ സംഭവത്തെ കാണണം. ഇത് സംബന്ധിച്ച് നിരവധി പ്രശ്നങ്ങൾ ഉയർന്നു വന്നിരിക്കുന്നു. ഇടമലയാർ പദ്ധതി 17 കോടി രൂപയിൽ തുടങ്ങിയ പദ്ധതിയാണ്. 20 കോടി രൂപ ചെലവഴിച്ചിട്ടും ഇടമലയാർ പദ്ധതി പൂർത്തീകരിച്ചിട്ടില്ല. ഇതാണ് കാരണം. ജലസേചന പദ്ധതികളിൽ കരാറുകാരും കോൺട്രാക്ടർമാരും രാഷ്ട്രീയക്കാരും ചേർന്നുകൊണ്ടുള്ള ഒരു vicious circle ഇവിടെ പ്രവർത്തിക്കുകയാണ്. പല ഇറിഗേഷൻ പദ്ധതികളും ഉദ്യോഗസ്ഥർക്കും കരാറുകാർക്കുമുള്ള വെള്ളാനകളായി മാറിക്കഴിഞ്ഞിരിക്കുന്നു. നമ്മുടെ ചീഫ് സെക്രട്ടറി ശ്രീ. വിജയനുണ്ണി നമ്പ്യാർ റിട്ടയർ ചെയ്യുമ്പോൾ ഉദ്യോഗസ്ഥരും മന്ത്രിമാരും ഇവിടെ പണം കൈപ്പറ്റുന്നു എന്ന് അദ്ദേഹം ആക്ഷേപിച്ചു. ഉദ്യോഗസ്ഥർ പണം കൈപ്പറ്റുന്ന രംഗമാണ് ഇപ്പോൾ ക്യാമറയിൽ പകർത്തി നമ്മുടെ മുന്നിൽ എത്തിച്ചിരിക്കുന്നത്. എല്ലാ ടെന്ററുകൾക്കും എസ്റ്റിമേറ്റ് തുകയേക്കാൾ 35 ശതമാനം തുക ആദ്യം തന്നെ കൂട്ടിക്കൊടുക്കുകയാണ് പതിവ്. പണി നടന്നുകൊണ്ടിരിക്കുമ്പോൾ റിവൈസ്ഡ് എസ്റ്റിമേറ്റ് എന്ന പേരിൽ വീണ്ടും കൂട്ടികൊടുക്കുന്നു. 15 ലക്ഷം രൂപയുടെ കരാർ എടുത്ത ആൾക്ക് പണി പൂർത്തി ആകുമ്പോൾ അതുവഴി 27 ലക്ഷം രൂപ ലഭിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് ഇറിഗേഷൻ വകുപ്പിൽ നടക്കുന്ന അഴിമതിയുടെ ഒരു ചെറിയ രൂപം മാത്രമാണിത്. വിജിലൻസ് ഡയറക്ടർക്കും വകുപ്പുമന്ത്രിക്കും പരാതി കൊടുത്താലും ഒരു

LIBRARY ARCHIVES Kerala Legislative Assembly

നടപടിയും എടുക്കാറില്ല. വിജിലൻസ് ഡയറക്ടർക്ക് പരാതി കൊടുത്ത ഒരു സംഭവം ഈ അടുത്ത ദിവസം പുറത്തു വന്നു. പി. എൽ. ജേക്കബ് എന്ന് പറയുന്ന, ഇന്നലെ പണവുമായിട്ട് പോയ ആൾ പരാതി കൊടുത്തതനുസരിച്ച് ചാലക്കുടി ഡിവിഷണൽ ആഫീസിൽ ടെന്റർ നടന്നുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ റെയ്ഡ് നടത്തി; ഒന്നര ലക്ഷം രൂപ ആ റെയ്ഡിൽ പിടിച്ചെടുത്തു. റെയ്ഡ് നടത്തുമ്പോൾ അവിടത്തെ ഉദ്യോഗസ്ഥൻ പൈസയും രേഖകളുമൊക്കെ പുറത്തേക്ക് എറിഞ്ഞു കളഞ്ഞു. ചില ആളുകൾ വിജിലൻസ് വരുമ്പോൾ നോട്ട് വിഴുങ്ങുന്നു. ഒരു എസ്. ഐ. പണ്ട് വിജിലൻസ് വന്നപ്പോൾ നോട്ട് വിഴുങ്ങിക്കളഞ്ഞു. പല ഉദ്യോഗസ്ഥരും ഇത് ചെയ്യുന്നു. ഈ കേസിൽ അനധികൃതമായി കൈവശം വച്ച തുക പിടികൂടിയപ്പോൾ വിജിലൻസ് അന്വേഷണം നടത്താൻ വിജിലൻസ് തൃശൂർ ഡിവൈ.എസ്.പി.-യെ ചുമതലപ്പെടുത്തി. ഉടനെ ആ ഡിവൈ.എസ്.പി.-യെ സ്ഥലം മാറ്റി. പിന്നീട് ആ കേസന്വേഷണത്തിൽ യാതൊരു പുരോഗതിയും ഉണ്ടായില്ല. നമ്മുടെ ബഹുമാന്യനായ മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വന്നപ്പോൾ ഈ കേസ് ശക്തമായി മുന്നോട്ടുകൊണ്ടുപോകുമെന്ന് പലരും പ്രതീക്ഷിച്ചു; പക്ഷേ ഒന്നും നടന്നില്ല. ചീഫ് എഞ്ചിനീയർ ശ്രീ. ശശിക്ക് ഇങ്ങനെ ചെയ്യുന്നതിന് എങ്ങനെ ധൈര്യം കിട്ടി? അദ്ദേഹം കുറേക്കാലമായി ചീഫ് എഞ്ചിനീയറായി തുടരുന്ന ആളാണ്. ഈ അടുത്ത കാലത്തായിട്ട് പലകപ്പാണ്ടി പദ്ധതിയുടെ ടെന്റർ വിളിച്ചപ്പോൾ കരാറുകാർ വ്യത്യസ്ഥമായ ടെന്റർ ചെയ്തു. എന്നാൽ അന്ന് ചാർജ്ജുണ്ടായിരുന്ന ഉദ്യോഗസ്ഥന് ഇഷ്ടപ്പെട്ട കരാറുകാരന് കരാർ ഉറപ്പിക്കാൻവേണ്ടി ആ ടെന്റർ തിരുത്തി. 10 ശതമാനം കൊടുത്തത് 9 ശതമാനമെന്നാക്കി മാറ്റി, അയാൾ ഉദ്ദേശിച്ച കരാറുകാരന് ടെന്റർ ഉറപ്പിച്ചുകൊടുത്തു. ഈ സംഭവം പുറത്തുവന്നപ്പോൾ അത് അന്വേഷിക്കാൻ മന്ത്രി ചുമതലപ്പെടുത്തിയത് ആരെയാണെന്നറിയാമോ? ഈ ചീഫ് എഞ്ചിനീയർ ശശിയെ. ഇപ്പോൾ കൈക്കൂലി വാങ്ങി പിടിക്കപ്പെട്ട ഈ ചീഫ് എഞ്ചിനീയറെ ആ സംഭവം അന്വേഷിക്കാൻ വേണ്ടി ചുമതലപ്പെടുത്തിയാൽ അന്വേഷണം എന്താകും? ഈ ചീഫ് എഞ്ചിനീയറെ സംബന്ധിച്ച് ഗൗരവതരമായ ഒരു പ്രശ്നം കേരളകൗമുദി പത്രം കഴിഞ്ഞദിവസം റിപ്പോർട്ട് ചെയ്തിരുന്നു. ഇദ്ദേഹത്തെ കൈരളി ടി. വി. പിൻതുടരാൻ കാരണം- കേരളകൗമുദി പത്രത്തിൽ വന്ന റിപ്പോർട്ടാണ്- കേരളത്തിലെ അധികജലം അനധികൃതമായി തമിഴ്നാടിന് ചോർത്തിക്കൊടുക്കാൻ നേതൃത്വം കൊടുക്കുന്നുവെന്നുള്ള ആരോപണം ഈ ചീഫ് എഞ്ചിനീയറെക്കുറിച്ച് കേരളകൗമുദി പത്രം റിപ്പോർട്ട് ചെയ്തിരുന്നു. കേരളത്തിലെ ജലം കൊള്ളയടിക്കാനുള്ള തമിഴ്നാടിന്റെ നീക്കത്തെ എതിർത്ത ഉദ്യോഗസ്ഥനായിരുന്ന കേരളാ തമിഴ്നാട് ജോയിന്റ് വാട്ടർ റഗുലേഷൻ ബോർഡിലുള്ള കെ.എസ്.ഇ.ബി. ചീഫ് എഞ്ചിനീയർ ശ്രീ. ബി. എസ്. രാധാകൃഷ്ണനെ ചീഫ് എഞ്ചിനീയർ ശ്രീ. ടി. കെ. ശശിയുടെ ആവശ്യപ്രകാരം ആ ചുമതലയിൽനിന്ന് ഗവണ്മെന്റ് ഒഴിവാക്കി. ഇപ്പോഴത്തെ ഇറിഗേഷൻ ചീഫ് എഞ്ചിനീയർ ശ്രീ. ശശിയുടെ ഭരണതലത്തിലുള്ള ഉന്നതമായ സ്വാധീനം വെളിപ്പെടുത്തുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകമാണിത്. ഐ. ഡബ്ല്യൂ. ആർ. ഡി.-യിൽ ഉള്ള കേരളത്തിന്റെയും തമിഴ്നാടിന്റേയും രണ്ടംഗങ്ങൾ ചീഫ് എഞ്ചിനീയറിൽ കുറയാത്ത ഓഫീസർമാർ ആയിരിക്കണമെന്നുള്ള വ്യവസ്ഥ ഉള്ളപ്പോൾ അതിന് വിരുദ്ധമായി ശ്രീ. ശശിയുടെ ആവശ്യപ്രകാരം ശ്രീ. രാധാകൃഷ്ണനു

LIBRARY ARCHIVES Kerala Legislative Assembly

പകരം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറെ അംഗമാക്കിയിരിക്കുകയാണ്. കേരളത്തിന്റെ താൽപ്പര്യങ്ങൾക്കെതിരായിട്ട് തീരുമാനമെടുത്ത ഒരു ഉദ്യോഗസ്ഥനായിട്ടും ഈ ഉദ്യോഗസ്ഥനെതിരെ നടപടി എടുക്കുന്ന കാര്യത്തിൽ ഗവണ്മെന്റ് നിശ്ശബ്ദത പാലിക്കുന്നു. ഈ ഗവൺമെന്റിനുമേൽ ചീഫ് എഞ്ചിനീയർ ശ്രീ. ശശിക്കുള്ള സ്വാധീനമെന്താണ്, അദ്ദേഹത്തിന് ഭരണതലത്തിലുള്ള പിടിപാട് എന്താണ് എന്ന് വ്യക്തമാക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകമാണിത്. ചീഫ് എഞ്ചിനീയർ ശ്രീ. ശശി ഉദ്ദേശിക്കുന്നതു പോലെയാണ് ഇറിഗേഷൻ വകുപ്പിൽ കാര്യങ്ങൾ നടക്കുന്നത്. ഏതു കാര്യത്തിനും ഈ ചീഫ് എഞ്ചിനീയറെ കണ്ടാൽ മതിയെന്ന ഒരവസ്ഥ വന്നിരിക്കുകയാണ്. കഴിഞ്ഞ 10 വർഷക്കാലമായി അന്തർ സംസ്ഥാന നദീജല പ്രശ്നത്തിൽ കേരളത്തെ പ്രതിനിധീകരിക്കുന്നത് ഈ ചീഫ് എഞ്ചിനീയർ ആണ്. നിരവധി വർഷക്കാലമായി ഇദ്ദേഹം കേരളത്തെ പ്രതിനിധീകരിച്ചുകൊണ്ടിരിക്കുന്നു. തമിഴ്നാടിന്റെ വെള്ളം ചോർത്തലിനെ ചോദ്യം ചെയ്ത ശ്രീ. ബി. എസ്. രാധാകൃഷ്ണനെ ഈ ചീഫ് എഞ്ചിനീയർ, ശ്രീ. ടി. കെ. ശശി ഭീഷണിപ്പെടുത്തിയതിനെത്തുടർന്ന് ശ്രീ. രാധാകൃഷ്ണൻ ഗവണ്മെന്റിന് പരാതി കൊടുത്തിട്ട് ആ പരാതിയുടെ പേരിൽ ഒരു നടപടിയും ഈ ഗവൺമെന്റ് സ്വീകരിച്ചില്ല. ചീഫ് എഞ്ചിനീയർ ശ്രീ. ടി. കെ. ശശിക്ക് ഭരണതലത്തിലുള്ള സ്വാധീനമാണ് ഇത് വെളിപ്പെടുത്തുന്നത്. മറ്റൊരു ഗൗരവതരമായ കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തട്ടെ ? കേരളത്തിലെ നദീജലം കൊള്ളയടിക്കാൻ ഒത്താശ ചെയ്തുകൊടുക്കുന്നവർക്ക് നൽകാൻ തമിഴ്നാട് അവരുടെ സംസ്ഥാന ബഡ്ജറ്റിൽ പ്രതിർഷം 200 കോടി രൂപ ആഡിറ്റ് രഹിത ഫണ്ടായി വകയിരുത്തിയിട്ടുണ്ട്. തമിഴ്നാടിന് വെള്ളം വളരെ പ്രധാനപ്പെട്ടതാണ്. ഒരു തുള്ളി വെള്ളത്തിനു വേണ്ടിപ്പോലും ചോര ചീന്തുന്നവരാണവർ. അവർ വെള്ളത്തിനുവേണ്ടി എത്ര രൂപയും കൊടുക്കാൻ തയ്യാറാണ്. പണം ഉപയോഗിച്ച് കേരളത്തിലെ ഉദ്യോഗസ്ഥരെ അവർ വിലയ്ക്കെടുക്കുന്നു. പത്ത് കൊല്ലക്കാലമായി ഈ സ്ഥാനത്തിരിക്കുന്ന ശ്രീ. ശശിയുടെ എല്ലാ നടപടികളെക്കുറിച്ചും സബ്ജക്ട് കമ്മിറ്റിയിലും പി.എ.സി.-യിലും ചർച്ച ചെയ്തതാണ്. പി.എ.സി.-യിൽ അംഗമായിരുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ഇക്കാര്യം അറിയുന്നതല്ലേ ? അറിയാം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മന്ത്രിയായി വന്നാൽ ഈ എഞ്ചിനീയറെ മാറ്റുമെന്ന് ഞാൻ പ്രതീക്ഷിച്ചെങ്കിലും മാറ്റിയില്ല. ഈ എഞ്ചിനീയർക്ക് യു.ഡി.എഫ്.-ൽ ഉള്ള സ്വാധീനം, ഭരണതലത്തിലുള്ള സ്വാധീനം എത്രയാണെന്ന് വ്യക്തമാക്കുന്ന സംഭവവികാസമാണിത്. ഈ ഉദ്യോഗസ്ഥനെ എന്തിനുവേണ്ടി സംരക്ഷിക്കുന്നു ? ഇത്തരത്തിൽ പെരുമാറുന്ന ഒരു ഉദ്യോഗസ്ഥനെ ഗവണ്മെന്റ് ഈ സ്ഥാനത്തിരുത്തി നടത്തുന്ന അഴിമതിയാണ് ഇപ്പോൾ പുറത്തു വരുന്നത്. ഇദ്ദേഹത്തെ സംരക്ഷിക്കുന്നത് ശരിയല്ല. കാര്യങ്ങൾ പുറത്തുവരുമ്പോൾ മാത്രമേ നമുക്ക് മനസ്സിലാക്കാൻ സാധിക്കൂ. ഇപ്പോഴാണ് ഗൗരവതരമായ ഈ അഴിമതി കൈയോടെ പിടികൂടി പുറത്തു വന്നിരിക്കുന്നത്. ഈ ഉദ്യോഗസ്ഥനെ ഇപ്പോൾ സസ്പെൻഡ് ചെയ്തിരിക്കുന്നത് ഗവൺമെന്റിന്റെ മുഖം രക്ഷിക്കാൻ വേണ്ടിയാണ്. നിയമസഭാ സമ്മേളനം തീരുന്നതു കൊണ്ടുമാത്രമാണ് ഈ ഉദ്യോഗസ്ഥനെ ഇന്നലെ സസ്പെന്റ് ചെയ്തിരിക്കുന്നത്. അടുത്ത ഇലക്ഷനുവേണ്ടി ഒരു കോടി രൂപ പിരിച്ചെടുക്കാൻ കെ.പി.സി.സി. തീരുമാനിച്ചിരിക്കുന്നത് ഈ ഉദ്യോഗസ്ഥൻ മുഖേനയാണ്. അടുത്ത നിയമസഭാ

LIBRARY ARCHIVES Kerala Legislative Assembly

തെരഞ്ഞെടുപ്പിനു വേണ്ടിയുള്ള ഫണ്ട് പിരിവ് ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണ്. എന്തുചെയ്താലും ഇവിടെ ചോദിക്കാൻ ആളില്ല. കടൽഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട കരാറുകാരിൽനിന്നും വൻ തുക വാങ്ങി എന്ന ആക്ഷേപവും, വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് ഉണ്ടാക്കി റണ്ണിംഗ് കോൺട്രാക്ട് എന്ന പേരിൽ കൊടുക്കുന്നു എന്നുള്ള ആക്ഷേപവും വന്നുകഴിഞ്ഞിട്ടുണ്ട്. ഇത് ഗൗരവതരമായ ഒരു പ്രശ്നമായി നമ്മുടെ മുമ്പിൽ ഉയർന്നുവന്നിരിക്കുകയാണ്. 90 കോടി രൂപയുടെ പ്രവൃത്തിയാണ് ടെന്ററില്ലാതെ പി.ഡബ്ല്യൂ.ഡി. കൊടുത്തതായി നിയമസഭയിൽ ഉത്തരം വന്നിരിക്കുന്നത്. അങ്ങനെ ഈ സംസ്ഥാനത്ത് ഉദ്യോഗസ്ഥർക്ക് എന്തും ചെയ്യാം, എത്ര രൂപയും വാങ്ങാം, കോൺട്രാക്ടർമാർക്ക് എന്ത് തിരിമറിയും നടത്താം എന്നുള്ള ഞെട്ടിപ്പിക്കുന്ന വസ്തുതയിലേക്ക് വിരൽചൂണ്ടുന്ന സംഭവവികാസങ്ങളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ഇറിഗേഷൻ വകുപ്പിൽ നടന്നുകൊണ്ടിരിക്കുന്ന ഗുരുതരമായ അഴിമതി അവസാനിപ്പിക്കുന്നതിനായി ഈ സംഭവം സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണം. ഇത് ഒരു അടിസ്ഥാനമാക്കി എടുത്തുകൊണ്ട് ഇവിടെ നടക്കുന്ന അഴിമതി അവസാനിപ്പിക്കണം എന്നുള്ളതുകൊണ്ട് ഇതുസംബന്ധിച്ച് സമഗ്രമായി അന്വേഷണം നടത്തി എല്ലാ വിവരവും പുറത്തുകൊണ്ടുവരണം. ഇറിഗേഷൻ വകുപ്പിനെ സംബന്ധിച്ച് പത്രത്തിൽ വന്നിരിക്കുന്ന വാർത്തകൾ, ഇവിടെ വന്നിരിക്കുന്ന എല്ലാ വിവരങ്ങളേയും സംബന്ധിച്ച് ഒരു അന്വേഷണം നടത്തി ഈ വകുപ്പ് ശുദ്ധീകരിക്കാനുള്ള നടപടി സ്വീകരിക്കണം. ഇക്കാര്യത്തെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനുവേണ്ടി ഈ സഭ നിർത്തിവയ്ക്കണം. ബഹുമാനപ്പെട്ട മന്ത്രി ഈ ചർച്ചയ്ക്ക് തയ്യാറാകും എന്ന പ്രതീക്ഷയോടുകൂടി ഞാൻ നിർത്തുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ഇറിഗേഷൻ ജോയിന്റ് വാട്ടർ കമ്മിഷനിലെ ഈ എഞ്ചിനീയർ കഴിഞ്ഞ 10 വർഷമായി ഈ വകുപ്പിനെ റെപ്രസെന്റ് ചെയ്യുന്നുണ്ടെന്ന് ബഹുമാനപ്പെട്ട കോടിയേരി ഇവിടെ പറയുകയുണ്ടായി. എങ്ങനെയാണ് ഈ പത്ത് വർഷം വരുന്നത് എന്ന് അങ്ങ് കണക്കാക്കിയാൽ മതി. അപ്പോൾ എല്ലാകാലത്തും ഉള്ള കാര്യങ്ങളായിട്ടാണ് ഞാൻ ഇത് കാണുന്നത്. ഞാൻ ആരെയും കുറ്റപ്പെടുത്തുന്നതിനു വേണ്ടി പറയുന്നതല്ല, ഗവണ്മെന്റിന്റെ മുമ്പിൽ വന്നെത്തുന്ന കാര്യത്തിൽ ഗവൺമെന്റ് പ്രോപ്പറായി റീയാക്ട് ചെയ്യുന്നുണ്ടോ എന്നുള്ളതാണ് പ്രശ്നം. ഇവിടെ ഗവൺമെന്റിന്റെ മുന്നിൽ ഒരു കേസ് വന്നു. എനിക്ക് വേണമെങ്കിൽ അങ്ങ് പറഞ്ഞതുപോലെ മുട്ടുന്യായം പറയാമായിരുന്നു. ഇത് വന്നത് കൈരളി പീപ്പിൾസ് ടി.വി.-യിൽ അല്ലേ; അതിനെക്കുറിച്ച് ഒരു അന്വേഷണം വേണ്ടേ, ഇപ്പോൾ എന്തിനാ നടപടി, എന്നൊക്കെ പറയാമായിരുന്നു. പക്ഷെ ഗവൺമെന്റ് ഇക്കാര്യത്തിൽ വളരെ സിൻസിയറായിട്ടുള്ള സമീപനമെടുത്തു, ആ ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്തുകൊണ്ട് അന്വേഷണം നടത്തുന്നതിന് തീരുമാനിച്ചു. ഇതൊരു ക്രിമിനൽ സ്വഭാവമുള്ള കേസായതുകൊണ്ട് ഒരു ഉന്നത പോലീസ് ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് മുഖ്യമന്ത്രിയോട് അഭ്യർത്ഥിച്ചു. ആ രൂപത്തിൽ മുന്നോട്ടുപോകും. അന്വേഷണത്തിൽ അയാൾ കുറ്റക്കാരനാണെന്നു കണ്ടാൽ സ്വാഭാവികമായും എടുക്കേണ്ട നടപടികളെടുക്കും. ആ കാര്യത്തിൽ ഗവണ്മെന്റ് ഒരു വിട്ടുവീഴ്ചയും

LIBRARY ARCHIVES Kerala Legislative Assembly

കാണിക്കുന്ന പ്രശ്നമില്ല. ഇവിടെ പറഞ്ഞ റിവൈസ്ഡ് എസ്റ്റിമേറ്റ് എന്റെ കാലത്തല്ല എന്ന് ഭംഗ്യന്തരേണ അങ്ങ് പറഞ്ഞതിൽ നന്ദിയുണ്ട്. എന്റെ കാലത്തല്ല എന്നുള്ളത് റിക്കോർഡുകൾ നോക്കിയാലും വ്യക്തമായി അറിയാൻ കഴിയും. ഇവിടെ ജലസേചന പദ്ധതികൾക്ക് കാലതാമസമുണ്ടെന്ന് അങ്ങ് പറഞ്ഞതിനെ ഞാൻ 100 ശതമാനം അംഗീകരിക്കുന്നു. ഇത് നമ്മുടെ ഒരു ശാപമായി നിൽക്കുകയാണ്. കേരളത്തെ സംബന്ധിച്ച് അഞ്ച്, അഞ്ച് കൊല്ലം കൂടുമ്പോൾ ഗവണ്മെന്റുകൾ അങ്ങോട്ടുമിങ്ങോട്ടും മാറിമാറിയാണ് വന്നിട്ടുള്ളത്. റെപ്പറ്റീഷൻ ഉണ്ടാകാത്തത് 1977-ൽ മാത്രമാണ്. അപ്പുറത്തും ഇപ്പുറത്തും നിന്ന് മാറി മാറിയാണ് ഗവൺമെന്റുകൾ വന്നിട്ടുള്ളത്. പക്ഷെ ഗവൺമെന്റുകൾ മാറിയാലും പദ്ധതികൾ പൂർത്തിയാക്കുന്നില്ല എന്നുള്ള പ്രശ്നം നിലനിൽക്കുകയാണ്. എനിക്ക് ഈ വകുപ്പ് കിട്ടിയിട്ട് വളരെ കുറച്ച് കാലമേയായുള്ളൂവെങ്കിലും ആ ചെറിയ കാലത്തിനുള്ളിൽ ആവുന്ന രൂപത്തിൽ പദ്ധതികൾ വേഗത്തിൽ പൂർത്തിയാക്കാനുള്ള നടപടികളെടുത്തു, പക്ഷേ ആ നടപടികൾ പൂർണ്ണമായും വിജയമാണെന്ന് പറയാൻ കഴിയുകയില്ല. എന്നാലും ആ നിലയിൽ ഞങ്ങൾ ചില നടപടികളെടുത്തിട്ടുണ്ട്. 13 കോടി രൂപചെലവ് പ്രതീക്ഷിച്ച് ആരംഭിച്ച ചില പദ്ധതികൾ 713 കോടി രൂപ ചെലവഴിച്ചിട്ടും പണി പൂർത്തിയാകാതെ നിൽക്കുകയാണ്. അങ്ങനെ ധാരാളം പദ്ധതികളുണ്ട്. അങ്ങ് പറഞ്ഞല്ലോ ഞാൻ ഇവിടെ ചാർജ്ജെടുത്ത് വന്നപ്പോൾ പ്രതീക്ഷയുണ്ടായിരുന്നു എന്ന്. അങ്ങേക്ക് എന്നിലുള്ള പ്രതീക്ഷയിൽ എനിക്ക് നന്ദിയുണ്ട്, ആ പ്രതീക്ഷ കുറയ്ക്കാതിരിക്കുന്നതിനുള്ള പരിശ്രമത്തിലാണ് ഞാൻ നിൽക്കുന്നത്. ഇപ്പോൾ പലകപ്പാണ്ടി പദ്ധതിയെക്കുറിച്ച് പറഞ്ഞു. പലകപ്പാണ്ടി പദ്ധതി വേഗം പൂർത്തിയാക്കണമെന്നത് ഈ ഗവണ്മെന്റിന്റെ അമിതാഗ്രഹമായിരുന്നു. വേറൊന്നും കൊണ്ടല്ല, ചിറ്റൂർ പോലുള്ള മഴ ലഭിക്കാത്ത സ്ഥലങ്ങളുണ്ട്. വെള്ളം കിട്ടുന്നതിനുവേണ്ടി വേഴാമ്പലിനെപ്പോലെ അക്ഷരാർത്ഥത്തിൽ കാത്തിരിക്കുന്ന മഴനിഴൽ പ്രദേശങ്ങളാണവ. നമ്മുടെ ബഹുമാന്യനായ പ്രതിപക്ഷ നേതാവിന് അത് വളരെ കൃത്യമായിട്ടറിയാം. ആ മഴനിഴൽ പ്രദേശങ്ങളിൽ വെള്ളം എത്തിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമത്തിൽ എന്തും ചെയ്യണം എന്നുള്ളതായിരുന്നു ഗവൺമെന്റിന്റെ നിലപാട്. അത് വേറൊരു രൂപത്തിൽ കണ്ടുകൊണ്ടല്ല. ദുരാരോപണങ്ങളിലേക്ക് അങ്ങ് പോകരുത്. ഈ പദ്ധതി നമ്മൾ fast track പദ്ധതിയായി ചേർത്തുവെന്നു മാത്രമല്ല വേഗത്തിൽ ഭൂമി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തുകൊണ്ട് മുന്നോട്ടു പോകുന്നതിനുള്ള നടപടിയെടുത്തു. പക്ഷെ ആ ഓഫീസിലുള്ള ചില ആളുകൾ തെറ്റ് ചെയ്തതായി മനസ്സിലാക്കി, അത് വിജിലൻസ് അന്വേഷണത്തിൽ നിൽക്കുകയാണ്. ആ വിജിലൻസ് അന്വേഷണ റിപ്പോർട്ട് വന്നാൽ ഉപ്പ് തിന്നവൻ വെള്ളം കുടിക്കും, അതിനകത്ത് ഗവൺമെന്റിന് ഒരു വിട്ടുവീഴ്ചയുമില്ല; ശക്തമായ നിലപാട് എടുക്കുക തന്നെ ചെയ്യും. ഈ അടുത്ത കാലത്തായി കാരാപ്പുഴ പ്രോജക്ട് ഇടിഞ്ഞുവീണു എന്ന വാർത്ത ഞാൻ പത്രത്തിൽ കണ്ടു. അവിടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരായ കെ. സുരേന്ദ്രൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, അതോടൊപ്പം ചിന്നൻ, വർഗ്ഗീസ് തുടങ്ങിയ മൂന്ന് ആളുകളെ സസ്പെൻഡ് ചെയ്യേണ്ടിവന്നിട്ടുണ്ട്. അവർക്കെതിരെ ഒന്നും ചെയ്യാതിരിക്കാൻ നിവൃത്തിയില്ല. കാരണം ഈ പ്രശ്നങ്ങൾ നമ്മുടെ മുമ്പിൽ വരുമ്പോൾ ഗുരുതരമായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

വീഴ്ചയായിട്ടാണ് ഗവൺമെന്റ് കാണുന്നത്. അതുകൊണ്ട് നടപടിയെടുക്കാതിരിക്കാൻ നിവൃത്തിയില്ല. അതിന്റെ ചാർജ്ജുള്ള എൻജിനീയർ ശിക്ഷണ നടപടിക്ക് വിധേയനാണ്. എന്റെ കൈയിൽ അതിന്റെ ഫയലാണിരിക്കുന്നത്. കേൾക്കൂ, കേൾക്കൂ, ഈ സസ്പെൻഡ് ചെയ്തുകൊണ്ടുള്ള ഓർഡർ ഇടാനായി 13-2-2006-ലാണ് താഴെനിന്ന് ഫയൽ എന്റെ കൈയിൽ വന്നത്. 14-2-2006-ൽ ഞാൻ ആ ഫയലിൽ ഒപ്പ് വച്ചു. ആ ഫയലാണ് എന്റെ കൈയിലുള്ളത്. എന്റെ കയ്യിൽ ഫയൽ കിട്ടി 24 മണിക്കൂറിന് ഉള്ളിൽ നടപടിയെടുത്തു. ഏറ്റവും പ്രധാനപ്പെട്ട സ്ഥലത്തല്ലേ ഞാനിപ്പോൾ സംസാരിക്കുന്നത്? ഗവൺമെന്റ് ഫയൽ വച്ചല്ലേ സംസാരിക്കുന്നത്? ആ ഫയലിനകത്തെ കാര്യമാണ് ഞാൻ പറയുന്നത്. 13-2-2006-ൽ നടപടി എടുത്തിട്ടില്ല, ഈ കേസിൽ എടുത്തിട്ടില്ല. ..... (ബഹളം) ..... ജയരാജൻ പറയുന്ന കേസ് ഇതല്ല. സസ്പെൻഡ് ചെയ്തു കഴിഞ്ഞാൽ ആറു മാസത്തിനകം റീ-ഇൻസ്റ്റേറ്റ് ചെയ്യണമെന്ന് പറയുന്നത് അതിന്റെ ചട്ടങ്ങളിലുള്ള വ്യവസ്ഥയാണ്. നിങ്ങളുടെ ഗവൺമെന്റ് വന്നാലും ഞങ്ങളുടെ ഗവൺമെന്റ് ഇരുന്നാലും വ്യവസ്ഥ വ്യവസ്ഥയല്ലേ? ആറ് മാസത്തിനകം അവരെ re-instate ചെയ്യാനുള്ള ഒരു പ്രൊവിഷനുണ്ട്. ആ പ്രൊവിഷൻ.....കേൾക്കൂ, (ബഹളം) ..... ആറ് മാസം കഴിഞ്ഞിട്ട് ..... ശ്രീ. ജയരാജൻ പറയാൻ ഉദ്ദേശിച്ചത് എന്താണെന്ന് അനുമാനിച്ചുകൊണ്ട് ഞാൻ പറയാം. സസ്പെന്റ് ചെയ്തിട്ട് 10 മാസക്കാലമായി അതുകൊണ്ട് ആ ആളിന്റെ സസ്പെൻഷൻ revoke ചെയ്യണമെന്ന് പറഞ്ഞ് താഴെ നിന്നും ഫയൽ വന്നു. പക്ഷെ ഇതുവരെ ഞാൻ തീരുമാനമെടുത്തിട്ടില്ല. അങ്ങ് ഉദ്ദേശിക്കുന്നത് എന്താണെന്ന് എനിക്ക് മനസ്സിലായി. അത് അനുമാനിച്ചുകൊണ്ട് ഞാൻ പറയുകയാണ്, 10 മാസക്കാലമായി അയാൾ സസ്പെൻഷനിലാണ്. സസ്പെൻഡ് ചെയ്ത ഓഫീസർ ഒരു പട്ടികജാതിക്കാരനാണ്, 10 മാസക്കാലമായി അയാൾ സസ്പെൻഷനിലാണ്. ആ സസ്പെൻഷൻ revoke ചെയ്യുന്നതിനുവേണ്ടിയുള്ള നടപടിയെടുത്ത് അയാളെ വീണ്ടും പോസ്റ്റ് ചെയ്യാനുള്ള ഫയൽ എന്റെയടുത്ത് വന്നു. എന്നാൽ നമ്മൾ ഈ സംസാരിക്കുന്ന നിമിഷം വരെ ഞാൻ പോസ്റ്റ് ചെയ്യാൻ ഉത്തരവ് കൊടുത്തിട്ടില്ല. അതാണ് ശ്രീ. ജയരാജൻ ഉദ്ദേശിച്ചതെന്ന് എനിക്കു മനസ്സിലായി.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്, ..... പ്ലീസ് ..... ശ്രീ. ജയരാജൻ പ്ലീസ്, .....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ വഴങ്ങുന്നതല്ല, പക്ഷെ ശ്രീ. ജയരാജൻ നമ്മുടെ ഫ്രണ്ടായതുകൊണ്ട് ഇങ്ങനെ ചോദിച്ചുകൊണ്ടിരിക്കുകയാണ്. അപ്പോൾ ഗവൺമെന്റിന് ചെയ്യാവുന്നത്, ഇതിനകത്ത് നിന്നുകൊണ്ട് നടപടികളെടുത്ത് ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. ജോയിന്റ് വാട്ടർ കമ്മിഷനെ സംബന്ധിച്ച് ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു, വെള്ളത്തിനെ സംബന്ധിച്ചുള്ള നമ്മുടെ നിലപാട് വളരെ കർക്കശമായിട്ടുള്ള ഒന്നാണ്. അങ്ങ് ഒരു വാക്ക് പറഞ്ഞ് എന്നെ അഭിനന്ദിക്കണമെന്ന് ഞാൻ പറയുകയില്ല. പക്ഷെ സർ, 1979 മുതൽ മുല്ലപ്പെരിയാറിലെ വെള്ളത്തിന്റെ ലവൽ വർദ്ധിച്ചിരിക്കുകയായിരുന്നു. ഞാനും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ആ സ്ഥലം പോയി നോക്കിയതാണ്. അവിടത്തെ പ്രശ്നങ്ങൾ ഞങ്ങൾ നേരിട്ട് കണ്ടതാണ്. സർ, അവിടെ തമിഴ്നാട്ടിൽ,

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിയുണ്ട്. തമിഴ്നാട്ടിലെ എല്ലാ കാര്യങ്ങളും അങ്ങ് പറഞ്ഞല്ലോ ; 200 കോടി, 300 കോടി, അവർക്കുവേണ്ടി un-account എന്നൊക്കെ പറഞ്ഞല്ലോ ? അവരെ സംബന്ധിച്ചിടത്തോളം മുല്ലപ്പെരിയാറിലെ വെള്ളം വളരെ പ്രസക്തമല്ലേ? 136 അടിയ്ക്കകത്ത് ലവൽ ഉറപ്പിച്ച ഒരു ഗവൺമെന്റാണ് ശ്രീ. ഉമ്മൻചാണ്ടിയുടെ ഗവൺമെന്റ് എന്നുള്ളത് ഓർക്കണമെന്നുമാത്രം വിനയപുരസ്സരം അറിയിക്കുകയാണ്.

ശ്രീ. ടി .എം. ജേക്കബ് : ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ വളരെ വേഗായി പറഞ്ഞുപോകരുത്. ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റിന്റെ കാലത്ത് അദ്ദേഹമാണ് ഇന്റർ സ്റ്റേറ്റ് റിവേഴ്സിന്റെ കാര്യം കൈകാര്യം ചെയ്തുകൊണ്ടിരുന്നത്. അന്നും ഗവൺമെന്റിന്റെ സ്റ്റാൻഡ് അതുതന്നെയാണ്. അതിൽനിന്ന് ഒരിഞ്ച് പുറകോട്ട് പോകാൻ നമ്മൾ സമ്മതിച്ചിട്ടില്ല. ഈ വാട്ടർ ലെവൽ അന്നും 136 അടിതന്നെയായിരുന്നു നമ്മുടെ സ്റ്റാൻഡ് അതാണ്. അത് അദ്ദേഹത്തിന്റെ കാലത്ത് വയലേറ്റ് ചെയ്തു എന്ന് പറയുന്നത് ശരിയല്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ബഹുമാനപ്പെട്ട എ. കെ. ആന്റണിയെ അതിനിടയിൽ വലിച്ചിഴച്ചുകൊണ്ടുവരരുത്. ഇന്റർ സ്റ്റേറ്റിനെക്കുറിച്ച് എപ്പോൾ പറയുമ്പോഴും ശ്രീ. ടി. എം. ജേക്കബ് വെറുതെ ശ്രീ. എ. കെ. ആന്റണിയുടെ പേര് പറയുന്നതാണ്. പ്രതിപക്ഷനേതാവിനോട് ചോദിച്ചാൽ മതി ; ഞങ്ങൾ ഒരുമിച്ചുപോയി കാണുന്ന സമയത്ത് അവിടെ 136 അടിയായിരുന്നു. അന്ന് ഞങ്ങൾ പോയപ്പോൾ അതിന് തടസ്സമായി ഞങ്ങൾക്ക് അവിടെ ബോദ്ധ്യപ്പെട്ടത് അതിന്റെ മുന്നിൽ കൂട്ടിയിട്ടിരിക്കുന്ന debris ആണ്. അവിടെയെല്ലാം കല്ലും മണ്ണും കൂട്ടിയിട്ടിരിക്കുന്നതു കൊണ്ട് വെള്ളത്തിന്റെ ലവൽ 136 അടിയിൽ നിൽക്കുകയില്ലായിരുന്നു. നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി അവിടെ പോയി കണ്ടതല്ലേ ? അവിടെ കല്ലും മണ്ണും കൂട്ടിയിട്ടിരിക്കുന്നു. അങ്ങല്ലായിരുന്നോ ചെയർമാൻ ? അങ്ങുമായി തർക്കിക്കാൻ ഞാനില്ല. വസ്തുത പറയുകയാണ്. അങ്ങ് ചെയർമാൻ ആയിരുന്നല്ലോ ? ശ്രീ. കോടിയേരി ബാലകൃഷ്ണനും ഞാനും അതിൽ അംഗങ്ങൾ ആയിരുന്നല്ലോ ? നമ്മൾ ഒരുമിച്ച് ആ സ്ഥലം കണ്ടതാണല്ലോ ? അവിടെ കല്ലും മണലും കൂട്ടിയിട്ടതിന് നമ്മൾ സാക്ഷികളല്ലേ ? ആ കല്ലും മണലും കൂട്ടിയിട്ടതുകൊണ്ട് വെള്ളം ഒഴുകിപ്പോകാതെ വെള്ളത്തിന്റെ ലവൽ വർദ്ധിച്ചത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ഞങ്ങളും ഒരു മഴക്കാലത്ത് അവിടെ പോയി കണ്ടതല്ലേ ? സർ, അവിടെ വെള്ളത്തിന്റെ ലവൽ 136-ൽ നിർത്തുന്നതിനുവേണ്ടി ഈ ഗവൺമെന്റ് എല്ലാ നടപടിയും എടുത്തിരുന്നു എന്ന് ഞാൻ വിനയപൂർവം അങ്ങയെ ഓർമ്മിപ്പിക്കാം. പെരിയാർ ടൈഗർ റിസർവിൽപ്പെട്ടതാണ് അതിന്റെ ചുറ്റുമുള്ള സ്ഥലം. പെരിയാർ ടൈഗർ റിസർവിൽപ്പെട്ട ആ സ്ഥലത്ത് വെള്ളത്തിന്റെ ലവൽ 136-ന് അപ്പുറത്തേക്ക്, പോയാൽ അത് അപകടകരമാകും എന്നുള്ള ഒരു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് 136 ലവലിൽ നിറുത്താൻ തീരുമാനിച്ചത്. അതുപോകട്ടെ, അതിനെക്കുറിച്ച് ഞാൻ ഇനി ചർച്ച ചെയ്യുന്നില്ല. ജോയിന്റ് വാട്ടർ റെഗുലേഷൻ 1970 മുതൽ 2006 വരെ മൊത്തത്തിൽ ഏതാണ്ട് 80 മീറ്റിംഗുകളോളം ചേർന്നിട്ടുണ്ട്. ആ 80 യോഗത്തിലും ശ്രീ. ബി. എസ്. രാധാകൃഷ്ണനാണ് ഇലക്ട്രിസിറ്റി ബോർഡിനെ പ്രതിനിധാനം ചെയ്തത്. 8-9-2005-ൽ കൽപ്പറ്റയിൽ വച്ച് കൂടിയ 80-ാമത്തെ



LIBRARY ARCHIVES Kerala Legislative Assembly

യോഗത്തിലാണ് ..... ബാക്കി അവശേഷിക്കുന്ന 79 യോഗങ്ങളിലും ഇലക്ട്രിസിറ്റി ബോർഡിന്റെ അംഗമുണ്ട്. ഇലക്ട്രിസിറ്റി ബോർഡിലെ അംഗത്തെ തീരുമാനിക്കുന്നത് ഇലക്ട്രിസിറ്റി ബോർഡാണ്. അതിൽ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന് ഒരു പങ്കുമില്ല. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിൽ നിന്ന് ഒരു ചീഫ് എൻജിനീയറുണ്ട്. ഈ പറയുന്ന ഇന്റർ സ്റ്റേറ്റ് വാട്ടറിന്റെ ചാർജ്ജുള്ള എൻജിനീയർ എന്ന നിലയ്ക്ക് ശ്രീ. ടി. കെ. ശശി തന്നെയായിരുന്നു പ്രതിനിധാനം ചെയ്തത്. അങ്ങ് പറഞ്ഞതുപോലെ പത്തുകൊല്ലമായി ശ്രീ. ടി. കെ. ശശി തന്നെയാണ് പ്രതിനിധാനം ചെയ്യുന്നത്. ഇവർ തമ്മിൽ ഒരു തർക്കം ഉണ്ടായി എന്നിരിക്കട്ടെ, ഇവർ തമ്മിൽ ഒരു തർക്കമുണ്ടായാൽ കേരളാ ഗവൺമെന്റിന്റെ മുമ്പിൽ കൊണ്ടുവരണ്ടേ ? അല്ലാതെ തമിഴ്നാട് പ്രതിനിധികളുടെ മുമ്പിൽ വച്ച് കേരളത്തിന്റെ പ്രതിനിധികൾ അങ്ങോട്ടും ഇങ്ങോട്ടും തർക്കം പറയുന്നത് നമുക്ക് ഗുണകരമാകുമോ ? അങ്ങനെ ഒരു തർക്കം ഉണ്ടെങ്കിൽ സ്വാഭാവികമായിട്ടും കേരള ഗവൺമെന്റിന്റെ മുമ്പിൽ കൊണ്ടുവരണ്ടേ ? ഞാൻ ഇതിനെക്കുറിച്ച് അറിയുന്നത് കേരളകൗമുദിയിലെ വാർത്ത വായിച്ചാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എന്നെ വിളിച്ചു. പ്രതിപക്ഷ നേതാവ് എന്നെ വിളിച്ചപ്പോൾ നമ്മുടെ വെള്ളത്തെ പ്രൊട്ടക്ട് ചെയ്യുന്നതിനുവേണ്ടി കേരള ഗവൺമെന്റ് ഒരു ജോയിന്റ് കോൺസെൻസസിന് പോകാത്തതിനെ സംബന്ധിച്ച് ഞാൻ അദ്ദേഹത്തോട് പറഞ്ഞതാണ്. നമുക്കൊരു ഡിസ്പ്യൂട്ടിന്റെ കാര്യമേയില്ല. കാരണം ഇത് കേരളത്തിന്റെ പ്രശ്നമല്ലേ ? കേരളത്തിന്റെ വെള്ളം നഷ്ടപ്പെടാതിരിക്കണം എന്നുള്ളത് കേരളത്തിലെ ഭരണകക്ഷിയുടെ ആവശ്യം മാത്രമല്ലല്ലോ ? അത് കേരളത്തിൽ ജീവിക്കുന്ന എല്ലാ ജനങ്ങളുടേയും ഉത്തരവാദിത്വമാണ്. അതിന് നമുക്ക് ഒരു consensus--ൽ പോകാം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിച്ചപ്പോൾ ഞാൻ അദ്ദേഹത്തോട് ഒരു വാക്ക് മാത്രമേ പറഞ്ഞിട്ടുള്ളൂ. അവിടെ ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രതിനിധിയെ ഇലക്ട്രിസിറ്റി ബോർഡ് തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ യോഗം നടന്നു. ആ കൂട്ടത്തിൽ ഒരു കാര്യം ഞാൻ പറയാം. ശ്രീ. സി. രാധാകൃഷ്ണൻ, അദ്ദേഹത്തെക്കുറിച്ച് എനിക്ക് വേറെ ഒന്നും പറയാനില്ല. അദ്ദേഹം തമിഴ്നാട് സർക്കാരിനൊരു

10-00 A.M.] കത്ത് കൊടുത്തു. അദ്ദേഹം കൊടുത്ത കത്തിൽ മണക്കടവ് വിയറിൽ ലീക്കുണ്ട്, അത് അടയ്ക്കണം അല്ലെങ്കിൽ അഡീഷണലായിട്ട് വെള്ളം പോകുമെന്നാണ് പറഞ്ഞത്. എന്നാൽ മണക്കടവ് വിയറിലൂടെ ലീക്ക് ചെയ്ത് ഒരു തുള്ളി വെള്ളമെങ്കിലും വന്നാൽ ആ വെള്ളത്തിന്റെ ബെനിഫിഷ്യറി കേരളമാണ്. ചിറ്റൂർ താലൂക്കിനും പാലക്കാട് ജില്ലയ്ക്കുമാണ് അതിന്റെ ഗുണം കിട്ടുന്നത്. അദ്ദേഹം അതിനെക്കുറിച്ച് സൂക്ഷ്മമായി പരിശോധിച്ച് കൊടുത്ത ആ കത്തിൽ മണക്കടവ് വിയറിലെ ലീക്കൊഴിവാക്കണമെന്നും അതിനുള്ള നടപടി എടുക്കണമെന്നും പറഞ്ഞു. അത് കേരളത്തിന്റെ താൽപര്യത്തിന് ഗുണകരമാണോ? അങ്ങനെ ചെയ്യാൻ പറ്റുമോ? നമ്മുടെ സംസ്ഥാനത്തിന് ഒരു തുള്ളി വെള്ളമെങ്കിലും കൂടുതൽ കിട്ടുന്നെങ്കിൽ അതിനനുകൂലമായി നിൽക്കുകയല്ലേ അദ്ദേഹം ചെയ്യേണ്ടത്? അദ്ദേഹം ഇത് മനഃപൂർവ്വം ചെയ്തു എന്ന് ഞാൻ പറയുന്നില്ല. പക്ഷേ, റിക്കോർഡിൽ കാണുന്നത് അദ്ദേഹം കത്ത് കൊടുത്തത് ഇപ്രകാരമാണ് എന്നാണ്. അദ്ദേഹത്തിന് അന്നത്തെ കേരളാ ഗവൺമെന്റിനോടോ അല്ലെങ്കിൽ ഈ ഗവൺമെന്റിനോടോ ഇതിനകത്തുള്ള സ്റ്റാന്റെന്താണെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ചോദിക്കാമായിരുന്നു. ആ സ്റ്റാന്റാണ് അവരെ അറിയിക്കേണ്ടത്. ഇന്ത്യക്കു പുറത്തു പോയാൽ ഇന്ത്യാക്കാരെല്ലാം ഒന്നല്ലേ? കമ്മ്യൂണിസ്റ്റെന്നോ കോൺഗ്രസെന്നോ പറഞ്ഞ് ആരെങ്കിലും തർക്കിക്കാൻ പോകുമോ? കേരളത്തിന് പുറത്തു നിൽക്കുമ്പോൾ നമ്മൾ കേരളത്തിന്റെ പ്രൊട്ടക്ഷൻ നോക്കണം. ഇന്നയാൾ, മറ്റേയാൾ എന്നുള്ള നിലപാട് കേരളത്തിനു പുറത്ത് പാടില്ലാത്തതാണ്. തമിഴ്നാട്ടിൽ രാഷ്ട്രീയ വ്യത്യാസമുണ്ടെങ്കിലും വെള്ളത്തെ സംബന്ധിച്ചിടത്തോളം അവിടെ എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും ഒരേ അഭിപ്രായമാണ്. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ നിയോജകമണ്ഡലവുമായി ബന്ധപ്പെടുത്തി പറയുകയാണ്; നെയ്യാർ ഡാമിൽനിന്നും തമിഴ്നാട്ടിലേക്ക് വെള്ളം വേണമെന്ന് ആവശ്യപ്പെട്ട് ശ്രീ. വൈക്കോ ഞങ്ങളെ സമീപിച്ചു. അവിടെ എ.ഐ.ഡി.എം.കെ. നയിക്കുന്ന ഭരണപക്ഷവും പ്രതിപക്ഷവും, മാത്രമല്ല കാലാകാലങ്ങളായി അവിടെയുള്ള എല്ലാ കക്ഷികൾക്കും വെള്ളത്തെ സംബന്ധിച്ച് ഒരേ അഭിപ്രായമാണ്. അതുകൊണ്ട് നമുക്ക്, കേരളത്തിലും ഈ രൂപത്തിലുള്ള ഒരു നിലപാട് എടുക്കണം. അടിയന്തിരപ്രമേയത്തിൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറയുന്നതിനപ്പുറത്ത് ഒരു പരാമർശവും ഞാൻ നടത്തിയിട്ടില്ല. ഒരു കോടി രൂപ പിരിക്കാൻ വേണ്ടി 25,000 രൂപ എഞ്ചിനീയറുടെ കയ്യിൽ കൊടുത്തെന്ന് പറഞ്ഞാൽ ഏതൊരു മനുഷ്യനാണ് ഈ കാലത്ത് വിശ്വസിക്കുന്നത്? ഇന്ത്യ ഭരിക്കുന്ന കോൺഗ്രസ് പാർട്ടിക്ക് ആ പണിയുടെ വല്ല കാര്യവും ഉണ്ടോ? ഞങ്ങളുടെ പാർട്ടി വ്യത്യസ്തമാണ്. ഞാൻ നിങ്ങളെ കുറ്റപ്പെടുത്തുന്നില്ല. എനിക്കു വേണമെങ്കിൽ മറിച്ച് നാല് ചോദ്യം ചോദിക്കാം. പക്ഷേ, ഞാൻ ആ ചോദ്യം ഒന്നും ചോദിക്കുന്നില്ല. അങ്ങനെ ഈ പാർട്ടിക്ക് ഉത്തരവാദിത്വം ഉണ്ടായിരുന്നെങ്കിൽ കൈരളി ടി.വി.-യിൽ വന്ന് കണ്ണ് ചിമ്മുന്ന ഒരു നിമിഷംകൊണ്ട് ഒരു ചീഫ് എഞ്ചിനീയർ, 10 കൊല്ലക്കാലമായി ഇറിഗേഷന്റെ വിജിലൻസ് ..... (ബഹളം) ..... പലകപ്പാണ്ടി പദ്ധതിയുടെ ഉത്തരവാദിത്വം അയാളെ ഏൽപ്പിച്ചു എന്ന് പറഞ്ഞു. എന്താണ് കാരണമെന്നറിയാമോ? അതിന്റെ കാരണം, വിജിലൻസിന്റെ ചാർജ് ആ സമയത്ത് അദ്ദേഹത്തിനായിരുന്നു. ആരാണ് ഏൽപ്പിച്ചത്? ഞാൻ അല്ല. പണ്ടുള്ളത് ഞാൻ തുടരുന്നു എന്നു മാത്രമേയുള്ളൂ. ഒന്നുകൂടെ പറയാം. ഞാൻ ഇതിനകത്ത് കാര്യമായി ഒന്നും മാറ്റിയില്ല. ട്രാൻസ്ഫർ ചെയ്യുന്നതിനെ വലിയ കായികാഭ്യാസ പ്രകടനമായി ഞാൻ കരുതുന്നില്ല. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിൽ അങ്ങേക്ക് പരിചയമുള്ള ഏത് ഉദ്യോഗസ്ഥനേയും വ്യക്തിപരമായി വിളിച്ചുനോക്കൂ; തിരുവഞ്ചൂർ രാധാകൃഷ്ണൻ സാമ്പത്തിക നേട്ടത്തിനുവേണ്ടി ഇതിനകത്ത് എന്തെങ്കിലും ചെയ്തിട്ടുണ്ടോയെന്ന് പരിശോധിച്ചു നോക്കണം. ഞാൻ ഈ ഉദ്യോഗസ്ഥരെ പലവട്ടം വിളിച്ചുകൂട്ടി. ഞാൻ വളരെ കൃത്യമായും പറഞ്ഞിട്ടുണ്ട്. എന്തെങ്കിലും അവിഹിത രൂപത്തിൽ ആരെങ്കിലും സമീപകാലത്ത് ഇതിനെ സംബന്ധിച്ച്, നിങ്ങൾ അവൻ കള്ളനാണെന്ന് മാർക്ക് ചെയ്താൽ അതൊന്നും നടക്കില്ല. ഇത് പറയാതിരിക്കാൻ കഴിയുമോ? ഇതൊരു വലിയ പാരാവാരമാണ്. ആരും ആരേയും മാറ്റിയിട്ടില്ല. ഞങ്ങൾ അനുഭവിക്കുന്ന വേദനയും ദുഃഖവും അങ്ങേക്ക് അറിയാമോ? അറിയില്ല. വാട്ടർ അതോറിറ്റിയിൽ ഞാൻ ഇതുവരെയും ഒരു ഡയറക്ടർ ബോർഡ് മെമ്പറേയും വച്ചിട്ടില്ല. രണ്ട് ഒഴിവുകളുണ്ട്. കഴിഞ്ഞ ദിവസം യോഗം ചേർന്നപ്പോൾ ക്വാറമില്ലാതെ പോയി. എന്നിട്ടും ഇപ്പോൾ സഹകരിച്ചു നിൽക്കുകയാണ്. വിവാദത്തിലേക്ക് പോകേണ്ട. കഴിയുന്നത്ര അഡ്ജസ്റ്റുചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

പോകുക. നമ്മൾ തമ്മിൽ തർക്കം ഇല്ലാതെ പോകട്ടേ! ഞാൻ വച്ച ചീഫ് എഞ്ചിനീയറല്ല ഇത്. പണ്ടേയുള്ള ആളുകൾ തന്നെയാണ് ആരേയും പുതിയതായി വച്ചിട്ടില്ല. അങ്ങ് റിവൈസ്ഡ് എസ്റ്റിമേറ്റെന്ന് പറഞ്ഞു. ആ എസ്റ്റിമേറ്റെടുത്തത് നേരത്തെയാണ്. ഒരു കാര്യംകൂടി ഈ സഭയോട് ഞാൻ ഉറപ്പു പറയാൻ ആഗ്രഹിക്കുന്നു. ഇതിനെ സംബന്ധിച്ച് ഒരു രൂപത്തിലുള്ള വിവാദത്തിലേക്കും കൊണ്ടുപോകാതെയിരിക്കുന്നതിനുള്ള ഒരു പരിശ്രമത്തിലാണ് ഈ ഗവൺമെന്റ്. വിവാദങ്ങളുണ്ടാക്കാൻ സാദ്ധ്യതകളുള്ള വകുപ്പാണിത്. അതുകൊണ്ട് ദയവായി വിവാദങ്ങളിലേക്ക് പോകേണ്ട. ഉത്തരവാദപ്പെട്ട ആളുകളുടെ പേരിൽ നടപടിയെടുക്കും. ഒരു കാര്യം കൂടി വളരെ വ്യക്തമായി ഞാൻ പറയുന്നു; അഴിമതി നടത്തുന്നവരെ ഈ ഗവണ്മെന്റ് പ്രൊട്ടക്ട് ചെയ്യുന്ന പ്രശ്നമേയില്ല. അവർക്കെതിരായി ശക്തമായി നടപടി എടുക്കും. അതിന് ഈ സഭയുടെ കൺസെൻസസ് ഉണ്ടാകണം എന്നു മാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്ന് ഞാൻ പറയുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യത്തക്ക ഗുരുതരമായ സ്ഥിതിവിശേഷം നിലവിലില്ലെന്ന് കണ്ടതിനാൽ അടിയന്തിരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തിരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഉന്നയിച്ച ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിലെ ചീഫ് എഞ്ചിനീയർ ശ്രീ. ടി. കെ. ശശി കൈക്കൂലി വാങ്ങിയത് സംബന്ധിച്ച കേസ് ഉന്നത നിലവാരത്തിലുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷിപ്പിക്കുമെന്ന മറുപടിയാണ് ബഹുമാനപ്പെട്ട മന്ത്രി ഗവണ്മെന്റിനുവേണ്ടി ഇവിടെ പറഞ്ഞത്. ആ മറുപടി തൃപ്തികരമല്ല. എന്തുകൊണ്ടെന്നാൽ ഇപ്പോഴത്തെ ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് ഇയാളെ സംബന്ധിച്ച് കൂടുതൽ മനസ്സിലാക്കാൻ കഴിയാതെ വന്നതിന്റെ ഫലമായി, പലകപ്പാണ്ടി പദ്ധതിയുടെ കാര്യത്തിൽ ഇയാളെത്തന്നെ അന്വേഷണത്തിനുവച്ചു. പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം തമിഴ്നാട് കേരളത്തിന് നൽകേണ്ട വെള്ളം നിരവധി പ്രാവശ്യം നിഷേധിച്ച സന്ദർഭത്തിലെല്ലാം ഇത് സംബന്ധിച്ച് രൂപീകരിക്കപ്പെട്ടിരുന്ന സമിതിയിൽ ഇദ്ദേഹം കേരളത്തെ പ്രതിനിധാനം ചെയ്തിരുന്നു. കേരളത്തിന് അർഹതപ്പെട്ട ജലം ലഭിക്കാതിരുന്നത് സംബന്ധിച്ച് കർഷകർ നിരവധി പ്രാവശ്യം നിരാഹാര സമരത്തിൽ ഏർപ്പെട്ടിട്ടുണ്ട്. അവരുടെ കൺമുന്നിൽവച്ചുതന്നെ നെൽകൃഷി കരിഞ്ഞുപോകുന്നതുകണ്ട് വേദനിച്ച അനുഭവങ്ങൾ ഞാൻ അവിടെ പ്രതിനിധാനം ചെയ്യാൻ തുടങ്ങിയ അവസരങ്ങളിൽ പല പ്രാവശ്യം നേരിൽ കാണേണ്ട സ്ഥിതി ഉണ്ടായിട്ടുണ്ട്. മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ മാത്രമല്ല, കഴിഞ്ഞ 30 സംവത്സരങ്ങളായി നിലനിൽക്കുന്ന പറമ്പിക്കുളം-ആളിയാർ കരാറനുസരിച്ച് കേരളത്തിന് ന്യായമായും ലഭിക്കേണ്ട

LIBRARY ARCHIVES Kerala Legislative Assembly

വെള്ളം കിട്ടാതിരിക്കുന്നതിനാൽ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതുപോലെ കഴിഞ്ഞ 10 കൊല്ലക്കാലമായി ഇറിഗേഷന്റെ ഏറ്റവും പ്രധാനപ്പെട്ട ചുമതല വഹിക്കുന്ന ഈ ചീഫ് എഞ്ചിനീയർ ശശിയോട് ഞാൻതന്നെ പല പ്രാവശ്യം ഇക്കാര്യം പറഞ്ഞിട്ടും അതിൽ അദ്ദേഹം വേണ്ടത്ര ശുഷ്കാന്തി കാണിക്കാതിരുന്നത് എനിക്കുതന്നെ നേരിട്ട് അനുഭവമുള്ളതാണ്. അപ്പോഴെല്ലാമുള്ള മന്ത്രിമാർ തീർച്ചയായും വേണ്ടതെല്ലാം ചെയ്യുമെന്ന് പറഞ്ഞെങ്കിലും ഒന്നും ചെയ്തിട്ടില്ല. ഇദ്ദേഹം നടത്തിയ ഗ്ലെയറിംഗായിട്ടുള്ള അഴിമതിയാണ് ഇപ്പോൾ കണ്ടുപിടിച്ചത്. നമ്മുടെ അയൽ സംസ്ഥാനം നമുക്ക് അർഹതപ്പെട്ട വെള്ളം ചോർത്തിയെടുക്കുന്നതിനു വേണ്ടി ഏർപ്പാടു ചെയ്ത സംഭവങ്ങളെല്ലാംതന്നെ ഇവിടെ നേരത്തെ വിവരിച്ചു. അതിൽ ഏറെക്കുറെ പണം ഇയാളുടെ കയ്യിൽത്തന്നെ വന്നുകാണും. ഇവിടെ പറഞ്ഞു കേൾക്കുന്നതെന്താണെന്നു വച്ചാൽ ഇയാൾ 25 ശതമാനം എടുക്കും; ബാക്കി 75 ശതമാനം മേലോട്ടുകൊടുക്കും എന്നാണ്. അതിന്റെ ഫലമായിട്ടാണ് അയാൾ ഇന്നും ആ സ്ഥാനത്തുതന്നെ തുടരുന്നത് എന്നാണ് പറയുന്നത്. ഇതിനെയെല്ലാം സംബന്ധിച്ച് വിശദമായി അന്വേഷിക്കണം. 10 കൊല്ലമെന്നു പറയുമ്പോൾ ഞങ്ങളുടെ കാലവും ഉണ്ട്. ഞാൻ അംഗീകരിക്കുന്നു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞ കൂട്ടത്തിൽ ഈ ഗവൺമെന്റിന്റെ കാലാവധി നാലേമുക്കാൽ കൊല്ലമല്ലേ ആയിട്ടുള്ളൂ എന്നാണ് സൂചിപ്പിച്ചത്. അതുകൊണ്ടുതന്നെയാണ് ഇതു സംബന്ധിച്ചുള്ള ജുഡീഷ്യൽ അന്വേഷണം വേണമെന്ന ആവശ്യം ശ്രീ. കോടിയേരി ബാലകൃഷ്ണൻ മുന്നോട്ടുവച്ചത്. ആ ആവശ്യം നിഷേധിക്കേണ്ട കാര്യമൊന്നുമല്ല. നമുക്കെല്ലാവർക്കും കൂടി അത് അംഗീകരിച്ച് ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കാം. നമ്മുടെ കൃഷിക്കാർക്ക് ഉപയോഗപ്പെടുത്തേണ്ട വിലപ്പെട്ട വെള്ളമാണ് നിഷേധിക്കപ്പെട്ടിരിക്കുന്നത് എന്നുള്ളതുകൊണ്ട് അതു സംബന്ധിച്ച് ഒരു അന്വേഷണം നടന്നാൽ ഇതിന്റെ പുറകിലുള്ള ചരിത്രങ്ങളെല്ലാം തന്നെ മനസ്സിലാക്കാൻ കഴിയും. ആ നിലയിൽ, സീരിയസായിട്ടുള്ള ഈ ആവശ്യം, ഗവൺമെന്റ് പരിഗണിച്ചതായി കാണുന്നില്ല. മറ്റ് കാര്യങ്ങളെപ്പറ്റിയെല്ലാം തന്നെ എന്റെ സ്നേഹിതൻ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വളരെ വിശദമായ നിലയിൽ പറഞ്ഞു. അതൊന്നും നിഷേധിക്കുന്നില്ല. നിങ്ങൾ പോലും വിശ്വസ്തനാണെന്ന് കരുതിയിരുന്ന ആളിൽ നിന്ന് മുഖത്തടി കൊള്ളത്തക്ക തരത്തിലുള്ള അനുഭവം നമ്മൾ ഈ ചിത്രത്തിൽ കണ്ടു. എന്തായാലും ഉടനടി നടപടി എടുത്തു എന്നു പറഞ്ഞു; അത്രയും നല്ലത്. അയാളെ സംബന്ധിച്ചും അയാളെ സഹായിച്ച ആളുകളുടെ സ്വഭാവങ്ങളും എല്ലാം തന്നെ മനസ്സിലാക്കാൻ ഒരു ജുഡീഷ്യൽ എൻക്വയറി സഹായിക്കുമെന്നുള്ളതുകൊണ്ടാണ് അത് ആവശ്യപ്പെട്ടത്. അതുസംബന്ധിച്ച് ഒന്നും പറയാതിരിക്കുന്ന സാഹചര്യത്തിൽ ഞങ്ങൾക്ക് ഇവിടെ ഇരിക്കാൻ സാധിക്കില്ല. അതുകൊണ്ട് ഗവൺമെന്റിന്റെ ഈ നിലപാടിൽ ശക്തമായി പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം : സർ, ഇത് കേരളത്തിലാദ്യമാണ്. സംസ്ഥാനത്തെ ഒരു വകുപ്പിന്റെ തലവൻ തന്നെ കൈക്കൂലി വാങ്ങിയത് കയ്യോടെ പിടികൂടിയത് ലോകം മുഴുവൻ കണ്ട കാഴ്ചയാണ്. ഇറിഗേഷൻ വകുപ്പിലെ ചീഫ് എൻജിനീയർ 25,000 രൂപ വാങ്ങുന്ന കാഴ്ച കേരളം മുഴുവൻ കണ്ടിരിക്കുന്നു. സസ്പെന്റ് ചെയ്തില്ലേ ഇതിനപ്പുറം എന്താണ് വേണ്ടതെന്ന് ബഹുമാന്യനായ മന്ത്രി ലാഘവബുദ്ധിയോടെ പറയുകയാണ്. ഗവൺമെന്റ് ഇക്കാര്യത്തിൽ കാണിക്കുന്ന കുറ്റകരമായ അനാസ്ഥ വെളിവാക്കപ്പെട്ടിരിക്കുകയാണ്. 'എമ്പ്രാനല്പം കട്ടു ഭുജിച്ചാൽ അമ്പലവാസികളൊക്കെ കക്കും' എന്ന ചൊല്ല് എത്രയോ ശരിയാണ്. ശ്രീ. തിരുവഞ്ചൂർ പറഞ്ഞു, അദ്ദേഹത്തിന്റെ കൈ പരിശുദ്ധമാണെന്ന്. നാലേമുക്കാൽ വർഷത്തെ ഭരണം പൂർത്തിയാക്കുന്ന യു.ഡി.എഫ്.-ലെ മന്ത്രി പറഞ്ഞത് 'എന്റെ കയ്യിൽ കളങ്കമില്ലെന്നാണ്. അതായത്, അദ്ദേഹം പരോക്ഷമായി പറഞ്ഞത് യു.ഡി.എഫ്.-ലെ മറ്റ് മന്ത്രിമാർ കളങ്ക ബാധിതരാണെന്നാണ്. യു.ഡി.എഫ്.-ലെ മന്ത്രിമാർക്ക് അഴിമതിയിൽ പങ്കുണ്ട്, കൈക്കൂലിയിൽ പങ്കുണ്ട്. ഈ ഗവൺമെന്റ് അഴിമതി ഗവൺമെന്റാണ്. ഉദ്യോഗസ്ഥരെ കൊണ്ട് നിർബാധം പണം പിരിക്കുന്ന ഗവൺമെന്റാണ് യു.ഡി.എഫ്. ഗവൺമെന്റ്. അതുകൊണ്ടാണ് ശശിമാർക്ക് എന്തും ചെയ്യാൻ ധൈര്യമുണ്ടാകുന്നത്. ഇതൊരു ചെറിയ കാര്യമല്ല. അന്തർ സംസ്ഥാന തർക്കങ്ങളിൽ കേരളത്തിനുവേണ്ടി വാദിക്കേണ്ട സമിതിയുടെ ഉന്നത ഉദ്യോഗസ്ഥനാണ് ശ്രീ. ശശി. ഓരോ തുള്ളി വെള്ളത്തിനും വിലയുണ്ട്. ആ വെള്ളത്തിന് വേണ്ടി ഇഞ്ചോടിഞ്ച് പടവെട്ടേണ്ട വേദികളിൽ നമുക്ക് വേണ്ടി വാദിക്കേണ്ട ഉദ്യോഗസ്ഥനാണ് ശ്രീ. ശശി. 200 കോടി രൂപ മാറ്റിവച്ചുകൊണ്ട് തമിഴ്നാട് ഗവൺമെന്റ് വെള്ളം ചോർത്താനായി കരുക്കൾ നീക്കവെ ആ നീക്കത്തെ തടയേണ്ട ഉദ്യോഗസ്ഥനാണ് ശ്രീ. ശശി. അയാളാണ് 25,000 രൂപയ്ക്ക് വേണ്ടി നാണംകെട്ട് നിൽക്കുന്ന കാഴ്ച ഈ രാജ്യം കണ്ടത്. ഗവൺമെന്റിന് നാണവും മാനവുമുണ്ടെങ്കിൽ ഈ വാക്ക് കൊണ്ട് തൃപ്തിപ്പെടാൻ പാടില്ലായിരുന്നു. സസ്പെൻഷനെ പറ്റി അദ്ദേഹം പറയുകയാണ്, ഒരു പുത്തൻ പ്രമാണം അദ്ദേഹം പറഞ്ഞു. അതായത് ആറുമാസം കഴിഞ്ഞാൽ ഉദ്യോഗസ്ഥരെ എല്ലാം ..... (ബഹളം) ..... അത് ശരിയല്ല. ഇല്ലാത്ത വാദം പറയുകയാണ്. സർക്കാരിന്റെ ഒരു വകുപ്പിലും പറയാത്ത തെറ്റായ വാദം പറഞ്ഞുകൊണ്ട് അഴിമതിക്കാരെ ..... (ബഹളം) ..... നമുക്ക് വാദിക്കാം. കെ.എസ്.ആർ.-ലെ ഏത് വകുപ്പാണ് പറയുന്നത് ? കെ.എസ്.ആർ-ലെ വകുപ്പ് എന്താണ് പറയുന്നത്? ആറു മാസം കഴിഞ്ഞാൽ ആ ഉദ്യോഗസ്ഥനെ നിർബാധം വീണ്ടും എടുക്കാമെന്ന് അതിൽ പറയുന്നില്ല. സസ്പെന്റ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥന്റെ പേരിലുള്ള കുറ്റപത്രം കൊടുത്തില്ലെങ്കിൽ, സ്റ്റെപ്സ് എടുത്തില്ലെങ്കിൽ, അയാളുടെ മേലുള്ള നടപടി പൂർത്തിയാക്കിയില്ലെങ്കിൽ, അയാളെ നിങ്ങൾ തിരിച്ചെടുക്കണം. ഇല്ലെങ്കിൽ അലവൻസ് കൊടുക്കണം. അതാണ് നിയമം. അല്ലാതെ അവന്റെ മുൻപിൽ പഞ്ചപുച്ഛം അടക്കികൊണ്ട് തിലകമണിയിക്കാൻ വേണ്ടിയുള്ള വകുപ്പൊന്നും സർവ്വീസ് ചട്ടങ്ങളിൽ പറഞ്ഞിട്ടില്ല.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : ഞാൻ അങ്ങനെയൊന്നുമല്ല പറഞ്ഞത്. ഞാൻ പറഞ്ഞത് കൃത്യമായി റിക്കാർഡിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം : അങ്ങ് പറഞ്ഞു, ആറ് മാസം കഴിഞ്ഞാൽ.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : എന്നെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ അങ്ങ് ഒരു പരാമർശം പറഞ്ഞു. ..... (ബഹളം) ..... ഒരു കാര്യം, ഞങ്ങൾ മാത്രം അല്ലല്ലോ ഭരിച്ചത്, അങ്ങയുടെ പാർട്ടി ഭരിച്ച കാലത്തും സമാന കേസുകളുണ്ടോ എന്ന് പരിശോധിച്ചോളൂ.

ശ്രീ. ബിനോയ് വിശ്വം : എന്തായാലും കൈക്കൂലി വാങ്ങുന്ന ഉദ്യോഗസ്ഥർക്ക് വേണ്ടി ഇല്ലാത്ത നിയമം വളച്ചൊടിച്ചുകൊണ്ട്, നിയമത്തെ വ്യാഖ്യാനിച്ചുകൊണ്ട് അവരുടെയെല്ലാം വക്കീലൻമാരായി മന്ത്രിമാർ മാറുകയാണ്. കൈക്കൂലിക്ക് വേണ്ടി കാത്തിരിക്കുന്ന ഏത് പാർട്ടിക്കാരുമാകട്ടെ, കമ്മ്യൂണിസ്റ്റോ കോൺഗ്രസോ ബി.ജെ.പി.-യോ ആകട്ടെ കൈക്കൂലിക്കാർ കൈക്കൂലിക്കാരാണ്. ആ കൈക്കൂലിക്കാർക്ക് കുട പിടിക്കുന്ന മന്ത്രിമാർ, അഴിമതിക്കാർക്ക് കുടപിടിക്കുന്ന മന്ത്രിമാർ, അഴിമതിക്കാർക്ക് വേണ്ടി രാഷ്ട്രീയത്തെയും നിയമത്തെയും വ്യാഖ്യാനിക്കാൻ മടിക്കാത്ത മന്ത്രിമാർ, അവരെല്ലാവരും കൂടി നമ്മുടെ നാടിനെ അഴിമതിയുടെ കേന്ദ്രമാക്കുകയാണ്. ഈ ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ കൊള്ളരുതായ്മകൾക്ക് ചൂട്ടുപിടിക്കുകയാണ്. ഗവൺമെന്റ് കാണിക്കുന്ന കുറ്റകരമായ വീഴ്ചകളുടെ പ്രതിഫലനമാണ് ഇവിടെ കണ്ടത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വ്യക്തിപരമായി എത്ര മാന്യനാണെങ്കിൽ പോലും, ഇവിടെ പറഞ്ഞു, സസ്പെൻഷൻ ആയല്ലോ എന്ന്. അത് തീർത്തും പോരാ എന്നാണ് എന്റെ അഭിപ്രായം. ഒരു ജുഡീഷ്യൽ അന്വേഷണത്തിന് ഗവൺമെന്റ് മടികാണിക്കുന്നതിൽ പ്രതിഷേധം രേഖപ്പെടുത്തികൊണ്ട് ഞാനും എന്റെ പാർട്ടിയും ഈ വാക്കൗട്ടിൽ പങ്കെടുക്കുകയാണ്.

(ശ്രീ. ബിനോയ് വിശ്വവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. സി. കെ. നാണു : സർ, ഇദ്ദേഹം സാധാരണ നിലയിലുള്ള ഉദ്യോഗസ്ഥനല്ല; മറിച്ച് അന്തർ സംസ്ഥാന നദീജല പ്രശ്നം അടക്കം കേരളത്തിലെ ഇറിഗേഷൻ വകുപ്പിന്റെ പ്രധാനപ്പെട്ട ചുമതലയുള്ള ഉദ്യോഗസ്ഥനാണ് അദ്ദേഹം. അദ്ദേഹത്തെ കൈക്കൂലി വാങ്ങുന്ന അവസരത്തിൽ പിടികൂടിയതിലൂടെ ഇദ്ദേഹത്തിന്റെ സേവനം നമ്മുടെ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങളെ കഴിഞ്ഞ കാലത്ത് എങ്ങനെ ബാധിച്ചിരുന്നു എന്നത് അടക്കമുള്ള പ്രശ്നങ്ങൾ ഗൗരവമായി പരിശോധിക്കേണ്ടതും അത് തിരുത്തേണ്ടതാണെങ്കിൽ അടിയന്തിരമായും തിരുത്താൻ സർക്കാർ സന്നദ്ധമാകേണ്ടതുമാണ്. കേവലം ഒരു ഉദ്യോഗസ്ഥൻ കൈക്കൂലി വാങ്ങുന്നു എന്നുള്ള നിലയിൽ മാത്രം അതിനെ കൈകാര്യം ചെയ്യാൻ ഗവൺമെന്റ് സന്നദ്ധമാകരുതായിരുന്നു. ഇക്കാര്യത്തിൽ ഒരു ജുഡീഷ്യൽ അന്വേഷണം എന്ന ആവശ്യം നിരാകരിച്ചതിന്റെ പേരിൽ ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. സി. കെ. നാണുവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. എ. എ. അസീസ് : ഇറിഗേഷൻ ചീഫ് എൻജിനീയർ ശ്രീ. ടി. കെ. ശശി കഴിഞ്ഞ പത്ത് കൊല്ലക്കാലമായി സർവ്വീസിൽ തുടരുന്ന ആളാണ്. ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ് അദ്ദേഹം 25,000 രൂപ കൈക്കൂലി വാങ്ങിയത് കയ്യോടെ പിടിച്ചത്. അതുകൊണ്ട് ഇപ്പോൾ 10 കൊല്ലക്കാലം സർവ്വീസിൽ തുടരുന്ന ചീഫ് എൻജിനീയർ എന്നുള്ള നിലയിൽ ഏത് അന്വേഷണവും നടത്താൻ നിങ്ങൾ തയ്യാറാണെങ്കിൽ ഒരു ജുഡീഷ്യൽ അന്വേഷണത്തിന് തയ്യാറാകണം. എന്തുകൊണ്ട് നിങ്ങൾ അതിന് ഭയപ്പെടുന്നു. ഞങ്ങൾക്ക് യാതൊരു ഭയവുമില്ലല്ലോ? പത്ത് കൊല്ലക്കാലം ഞങ്ങളുടെയും നിങ്ങളുടെയും ഗവൺമെന്റിന്റെ കാലഘട്ടമാണ്. നിങ്ങളുടെ കാലത്ത് കൈക്കൂലി വാങ്ങിയതിന് ഞങ്ങൾ ഒരു അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടപ്പോൾ നിങ്ങൾ ഒളിച്ചോട്ടം നടത്തുന്നത് എന്തിനാണ്? അതുകൊണ്ട് ഒരു ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് തന്നെയാണ് ഞങ്ങളുടെ പർട്ടിയുടെയും അഭിപ്രായം. അതിന് തയ്യാറാകാത്ത ഗവൺമെന്റിന്റെ നയത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. എ. എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. ടി. എം. ജേക്കബ് : ബഹുമാനപ്പെട്ട മന്ത്രി പദ്ധതികൾക്ക് കാലതാമസമുണ്ടാകുന്നു എന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഏഴ് പദ്ധതികളാണ് നമ്മുടെ സംസ്ഥാനത്ത് ongoing പ്രോജക്റ്റുകളായിട്ടുള്ളത്. അതിന് പ്രയോറിറ്റി നിശ്ചയിച്ച് മുന്നോട്ട് പോകേണ്ടതാണ്. പക്ഷേ ഒരു കാര്യം പറയട്ടെ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വന്നതിനുശേഷം പ്രയോറിറ്റിയിൽ അൽപ്പം മാറ്റമുണ്ടായിട്ടുണ്ട്. വർക്കുകളുടെ മെറിറ്റിന്റെ അടിസ്ഥാനത്തിലാണ്, അല്ലെങ്കിൽ പ്രോജക്റ്റുകൾ തീർക്കാൻ കഴിയുന്നതിന്റെ അടിസ്ഥാനത്തിലാണ് കിട്ടുന്ന പണം ഡിവൈഡ് ചെയ്ത് അലോട്ട് ചെയ്യേണ്ടത്. പ്രയോറിറ്റി ഇഷ്ടാനിഷ്ടങ്ങൾ അനുസരിച്ച് മാറ്റിക്കൊണ്ടിരുന്നാൽ ഈ ആക്ഷേപം അനന്തമായി എപ്പോഴും ഈ ഡിപ്പാർട്ടുമെന്റിനെക്കുറിച്ചുണ്ടാകും. അദ്ദേഹം പറഞ്ഞ വേറൊരു സംഗതി ജോയിന്റ് വാട്ടർ റഗുലേഷൻ ബോർഡിന്റെ പ്രവർത്തനത്തെ സംബന്ധിച്ചാണ്. അതിന് നിശ്ചിതമായ ഒരു വ്യവസ്ഥയുണ്ട്. അന്തർ സംസ്ഥാന നദീജല തർക്കത്തെ സംബന്ധിച്ചിടത്തോളം രണ്ട് അഭിപ്രായം ഈ സഭയിൽ ഉണ്ടാകേണ്ട വിഷയമില്ല. കേരളത്തിന്റെ ജല സമ്പത്ത് സംരക്ഷിക്കുക എന്നത് നമ്മുടെ ആവശ്യമാണ്. മുല്ലപ്പെരിയാർ കരാറിനെ സംബന്ധിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് അറിയാം. മുല്ലപ്പെരിയാർ കരാറിന് കാലാവധിയില്ല. അതിന്റെ കാലാവധി എത്രയെന്നു വച്ചാൽ 999 വർഷമാണ് ; 1000 വർഷമാണ്. മുല്ലപ്പെരിയാർ ഡാമിന്റെ സേഫ്ടി പ്രശ്നം വന്നപ്പോൾ വാട്ടർ ലെവൽ നമ്മൾ താഴ്ത്തി ; 136 അടിക്ക് മുകളിലേക്ക് ഉയർത്താൻ നമ്മൾ ഒരു കാലത്തും സമ്മതിച്ചിട്ടില്ല. അത് 2001-ലെ സ്ഥിതിയും അതുതന്നെയാണ് ; ഇപ്പോഴത്തെ സ്ഥിതിയും അതുതന്നെയാണ് ; ഒരിക്കലും നമ്മൾ സമ്മതിച്ചിട്ടില്ല. പക്ഷേ അവിടെ കല്ലും മണ്ണും കൂട്ടിയിട്ടിരിക്കുന്ന പ്രശ്നം ഉണ്ടായി. സബ്ജക്ട് കമ്മിറ്റി സന്ദർശനം നടത്തിയതിനെക്കുറിച്ച് അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു. അന്ന് ഞാൻ ചെയർമാനായിരുന്നു. ഞങ്ങൾ ഒരുമിച്ചാണ് പോയത്. അത് റിമൂവ് ചെയ്യേണ്ടത് ആരാണ് ? നമ്മളല്ല. നമുക്ക് അതിനുള്ള അധികാരമില്ല. തമിഴ്നാട് സർക്കാരാണ് ചെയ്യേണ്ടത്. അതിനുവേണ്ടി നമ്മൾ നിരന്തരമായ സമ്മർദ്ദം ചെലുത്തുമ്പോൾ അവർ സമ്മതിക്കുന്നില്ല. കാരണം കല്ലുംമണ്ണും മാറ്റി ഇപ്പോഴത്തെ 136 അടിക്ക് മുകളിൽ വന്നാൽ വെള്ളം ഒഴുകി നമ്മുടെ ഇടുക്കി ഡാമിലേക്ക് കിട്ടും. നമുക്ക് കിട്ടേണ്ട ജലം കിട്ടാതിരിക്കാനുള്ള എല്ലാ ശ്രമവും എല്ലാ കാലത്തും തമിഴ്നാട് ചെയ്യുന്നുണ്ട്. പൊതുവായ ഒരു സമീപനത്തിലാണ് നമ്മൾ അതിനെ എതിർക്കേണ്ടത്. അതുപോലെ തന്നെ കഴിഞ്ഞ 10 വർഷമായി ഇരിക്കുന്ന ഒരു ഉദ്യോഗസ്ഥനെക്കുറിച്ച് പറഞ്ഞു. ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റത്തെക്കുറിച്ച് അദ്ദേഹത്തിന് തന്നെ അറിയാം. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതൽ ചീഫ് എഞ്ചിനീയർമാർവരെയുള്ള ആളുകളുടെ സ്ഥലംമാറ്റം ഗവൺമെന്റാണ് തീരുമാനിക്കുക. അവരെ ഏത് തസ്തികയിൽ ഇരുത്തണം, ഏതെല്ലാം ചുമതലകൾ അവർക്ക് കൊടുക്കണമെന്നുള്ളത് ഗവൺമെന്റാണ് തീരുമാനിക്കുക. ഇദ്ദേഹം വളരെ വർഷങ്ങളായിട്ട് ചീഫ് എഞ്ചിനീയറായി ഇരിക്കുന്ന ഒരു വ്യക്തിയാണ്. ചീഫ് എഞ്ചിനീയർ ആകാൻ അർഹതപ്പെട്ട ഒരാൾക്ക് പ്രൊമോഷൻ നിഷേധിക്കാൻ സാധിക്കുമോ ? ഒരു ഗവൺമെന്റിനും സാധ്യമല്ല. അപ്പോൾ ഉദ്യോഗസ്ഥരെ നിശ്ചയിക്കുമ്പോൾ എന്തെങ്കിലും ആക്ഷേപം വന്നാൽ അതേക്കുറിച്ച് ഗവൺമെൻറ് തന്നെ പരിശോധിച്ച് നടപടികൾ സ്വീകരിക്കുക. അതാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് അന്തർ സംസ്ഥാന നദീജല തർക്കത്തിൽ ആരെങ്കിലും പക്ഷപാതപരമായി പെരുമാറിയെന്ന് ഈ സഭയിൽ പറയുന്നത് ശരിയല്ല. എന്റെ അഭിപ്രായത്തിൽ ഭരണകക്ഷിയാണെങ്കിലും പ്രതിപക്ഷമാണെങ്കിലും നമ്മൾ ഒരേ സ്റ്റാന്റാണ് എടുത്തിരിക്കുന്നത്. പറമ്പിക്കുളം ആളിയാറിനെ സംബന്ധിച്ച് നമ്മൾ എടുത്തിരിക്കുന്ന സ്റ്റാന്റിൽ ഒരിക്കലും മാറ്റം വരുത്തിയിട്ടില്ല. പക്ഷേ തീരുമാനം എടുക്കാൻ തമിഴ്നാട് മുന്നോട്ട് വരുന്നില്ല. 30 വർഷം കഴിയുമ്പോൾ രണ്ടു കൂട്ടരും സമ്മതിച്ചാൽ ഈ കരാർ പുതുക്കാം എന്നാണ് പറയുന്നത്. വർഷം എത്ര കഴിഞ്ഞു. അനവധി വർഷം കഴിഞ്ഞെങ്കിലും ഇതുവരെ രണ്ട് സ്റ്റേറ്റുകൾക്കും യോജിച്ച് ഒരു തീരുമാനത്തിലെത്താൻ കഴിയാത്തതുകൊണ്ട് പറമ്പിക്കുളം ആളിയാർ കരാറിൽ എന്തെങ്കിലും മാറ്റം വരുത്താൻ കഴിയുന്നില്ല. ഒരു കാലത്ത് കേരളത്തിന് മിച്ച ജലം ഉണ്ടായിരുന്നുവെന്നുള്ള സങ്കല്പത്തിൽ, ആ വാക്ക് തന്നെ ഉപയോഗിക്കുകയാണ്, എന്നുള്ള ധാരണയിൽ നമ്മൾ ചില കാര്യങ്ങളിൽ ചെന്നുപെട്ടു. അത് നമ്മുടെ മുൻഗാമികളാണ് ചെന്നുപെട്ടത്. ഇനി അതിനെ എങ്ങനെ ബുദ്ധിപൂർവ്വം മറികടക്കാൻ സാധിക്കുമെന്നുള്ളത് നമ്മൾ കൂട്ടായി ആലോചിക്കേണ്ടതാണ്. ആ വഴിക്ക് ഗവൺമെന്റ് ചിന്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. പിന്നെ ഓരോ കാര്യങ്ങളുടെയും മെറിറ്റിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റാണ് കാര്യങ്ങൾ തീരുമാനിക്കുക. ഏതായാലും ഗവൺമെന്റ് ഉചിതമായ നടപടി സ്വീകരിക്കുമെന്നു പ്രതീക്ഷിക്കുന്നു. ഞാൻ ഈ വാക്കൗട്ടിൽ പങ്കെടുക്കുകയാണ്.

(ശ്രീ. ടി. എം. ജേക്കബ് സഭ വിട്ട് പുറത്തുപോയി. സഭ വിട്ട് പുത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരായി.)



LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ ശ്രീ. എം. മുരളി]

# III. ശ്രദ്ധ ക്ഷണിക്കൽ

## (1) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ കാർഷികമേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. സി. മോയിൻകുട്ടി : സർ, കേരളത്തിലെ കാർഷിക മേഖല, വിശേഷിച്ചും തിരുവമ്പാടി മണ്ഡലത്തിലെ മലയോര കുടിയേറ്റ മേഖലയിലെ കാർഷിക പ്രശ്നങ്ങൾ അത്യന്തം ഭയാശങ്കകളോടുകൂടിയും ഗൗരവത്തോടുകൂടിയും കാണേണ്ട ഒരു വിഷയം എന്നുള്ള നിലയിലാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കലിന് ഈ സന്ദർഭം ഉപയോഗ പ്പെടുത്തുന്നത്. കേരള ജനതയുടെ 70-80 ശതമാനം കർഷകരാണ്. ഈ കർഷകരെ സംബന്ധിച്ചിടത്തോളം, ഒരർത്ഥത്തിൽ അവർ അസംഘടിതരാണ്. മറ്റൊരു അർത്ഥ ത്തിലാണെങ്കിൽ ഒരുപാട് സംഘടനകളുടെ ബാഹുല്യം കൊണ്ട് ശ്വാസംമുട്ടുന്നവരാണ്. ഏതായിരുന്നാലും ശരി അവരുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരം ഒരു ഗവൺമെന്റും കണ്ടിട്ടില്ലെന്നാണ് എന്റെ അഭിപ്രായം. ഉമ്മൻചാണ്ടി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം, സ്വാതന്ത്ര്യത്തിനുശേഷം ഏറ്റവും കൂടുതൽ ശ്രദ്ധ ഈ രംഗത്ത് പതിപ്പിച്ചിട്ടുണ്ട്. എങ്കിൽത്തന്നെയും ഇനിയും ഗൗരവത്തോടുകൂടി കാണേണ്ട ചില വിഷയങ്ങളാണ് എനിക്ക് സൂചിപ്പിക്കാനുള്ളത് ; ഈ കഴിഞ്ഞ വരൾച്ചയുടെ കാലത്ത് ചരിത്രത്തിലെ ഏറ്റവും വലിയ ധനസഹായം, എന്റെ പഞ്ചായത്തിൽ ഒരു കോടി രൂപ വരെ, എന്റെ മണ്ഡലത്തിൽ ഉൾപ്പെടെ, കിട്ടി ; അതിൽ നന്ദിയുണ്ട്. പക്ഷേ ഇപ്പോൾ വളരെയേറെ മാരകമായിട്ടുള്ള രോഗങ്ങൾ കൊണ്ട് ആ മേഖല ഒന്നടങ്കം പൂർണ്ണമായി നശിച്ചുകൊണ്ടിരിക്കുകയാണ്. പശ്ചിമഘട്ട മലനിരകളുടെ സംരക്ഷണമുള്ള, അനന്തമായിട്ടുള്ള ജൈവവൈവിദ്ധ്യ സാന്നിദ്ധ്യമുള്ള ഈ മണ്ഡലത്തിൽ ജനസാന്ദ്രത കൊണ്ട്, പാരിസ്ഥിതിയിൽ വന്നിട്ടുള്ള കടന്നുകയറ്റം കൊണ്ട്, എല്ലാ അർത്ഥത്തിലും അതിവർഷവും വരൾച്ചയും പ്രകൃതിക്ഷോഭവും കൊണ്ട്, വമ്പിച്ച നാശങ്ങൾ വന്നു കൊണ്ടിരിക്കുകയാണ്. 1048 ഹെക്ടർ നെല്ല്, 13502 ഹെക്ടർ തെങ്ങ്, 4400 ഹെക്ടർ കമുക്, 750 ഹെക്ടർ കുരുമുളക്, 6114 ഹെക്ടർ റബ്ബർ എന്നിവ എന്റെ മണ്ഡലത്തിലെ കൃഷി മേഖലയാണ്. അതെല്ലാം ഇന്ന് എല്ലാ അർത്ഥത്തിലും പൂർണ്ണമായി നശിച്ചുകൊണ്ടിരിക്കുകയാണ്. തെങ്ങിന് മണ്ഡരിയായിരുന്നത് ഇപ്പോൾ കൂമ്പ് ചീയലിന് വഴിമാറി. അതുപോലെ കമുകിന് മഹാളിയായിരുന്നു. ഇന്ന് അത് മഞ്ഞളിപ്പായി മാറി. കുരുമുളക് ഏറെക്കുറെ പൂർണ്ണമായി ദ്രുതവാട്ടം കൊണ്ട് നശിച്ചു. ഇതൊക്കെ നേരിട്ട് അനുഭവിക്കുന്ന ഒരു കർഷകന്റെ വികാരത്തോടുകൂടിയാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കൽ ഇവിടെ അവതരിപ്പിക്കുന്നത്. എന്നും ആത്മവിശ്വാസം ഉണ്ടായിരുന്ന കർഷകൻ ഇന്ന് പൂർണ്ണമായി നിരാശയുടെ പടുകുഴിയിൽ തന്നെയാണ്. അതിനിടയിൽ വനാതിർത്തിയിൽ നിന്നു കാട്ടാന ശല്യവും ഉണ്ടാകുന്നു. ഇക്കാര്യങ്ങളെല്ലാം ഒരുപാട് തവണ ബഹുമാനപ്പെട്ട മന്ത്രിമാരുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. ഇന്നും അതിന് പരിഹാരം ഉണ്ടായിട്ടില്ല. കൃഷിചെയ്ത് ജീവിക്കുന്ന കർഷകന്റെ ജീവനും സ്വത്തിനും കാട്ടാനയിൽ നിന്നും രക്ഷ

LIBRARY ARCHIVES Kerala Legislative Assembly